Minister for Finance (Shri S. Varadarajan Nair): Sir, I move that the bill may be finally passed.

Minister for Education: **(Shri C. H. Muhammed Koya):** Sir, I second it.

The question that the Kerala Contingency fund (Amendment) Bill, 1979 be finally passed, was put and carried.

The Bill was finally passed.

2. THE LEGISLATIVE ASSEMBLY (REMOVAL OF DISQUALIFICATIONS) AMENDMENT BILL, 1979

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, 1979-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

Shri Xavier Arakkal: Sir, I object the introduction of the Bill under Rule 71 Proviso.

"If a motion for leave to introduce a Bill is opposed, the Speaker, after permitting if he thinks fit, a brief explanatory statement from the member who moves and from the member who opposes the motion may without further debate put the question:

Provided that where a motion is opposed on the ground that the Bill initiates legislation outside the legislative competence of the Assembly the Speaker may permit a full discussion thereon.

Deputy Speaker: It is only when it is outside the legislative competence of the Assembly,

ശ്രീ. സേവ്യർ അറയ്ക്കൽ: അതാണ് ഞാൻ പറയാൻ പോകുന്നത്. ഭരണഘടന 42 -ാം ഭേദഗതി കൊണ്ട് 191 (1) എ അമെൻറു ചെയ്തിരിക്കുന്നു. അപ്പോൾ സഭയ്ക്കു മനസ്സിലാകും എന്തു കാരണം കൊണ്ടാണ് ഞാൻ ഒപ്പോസു ചെയ്യുന്നത് എന്ന്.

"Disqualifications for the Member: A member shall be disqualified for being chosen as for being a member of the Legislative Assembly or Legislative Council of a State.

(a) if he holds any office of the private owned Government of India or the Government of any State specified in the first schedule as is declared by the Parliament....."

ഇതാണ് സർ ഇഷ്യു.

.....As is declared by law to disqualify its holder ..... ഈ അമെൻറുമെൻറനുസരിച്ച് നിയമസഭയ്ക്ക് ഇങ്ങനെയൊരു ബില്ല് അവതരിപ്പിക്കുന്നതിനോ ചർച്ച ചെയ്യുന്നതിനോ അവകാശമില്ല. അവകാശമുള്ളത്, അധികാരമുള്ളത് പാർലമെൻറിനാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: റൂൾ 70 ന്റെ തുടർച്ചയാണ് 71. റൂൾ 70 Leave to introduce Private Members' Bill ആണ്. പ്രൈവറ്റ് മെമ്പേഴ്സ് ബിൽസ് ആൻറ് റസലൂഷൻസ് ഇൻട്രൊഡ്യൂസ് ചെയ്യുന്നതിനെ സംബന്ധിച്ച് ഒപ്പോസ് ചെയ്യുന്നതു സംബന്ധിച്ച പ്രൊവൈസോ ആണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഗവൺമെൻറു ബിൽസിനെ സംബന്ധിച്ചിടത്തോളം പ്രസക്തമായ സെക്ഷൻ 69 ആണ്. ആ 69 പ്രകാരം ഈ ബില്ലിനെ ഒപ്പോസ് ചെയ്യാനുള്ള അധികാരമില്ല.

So, the Bill stands introduced.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, 1979-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ പൊതുജനാഭിപ്രായത്തിനു സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടിക്ക് അവതരിപ്പിക്കാം.

Shri N. I. Devassikutty: Sir, I move that the Legislative Assembly (Removal of Disqualifications) Amendment Bill, 1979 be circulated for eliciting public opinion till the 31st of May, 1979.

Shri P. Sankar: Sir, I move that the Legislative Assembly (Removal of Disqualifications) Amendment Bill, 1979 be referred to a Select Committee.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സാധാരണ ഒരു ബിൽ അവതരിപ്പിച്ചു കഴിഞ്ഞാൽ അതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് സംസാരിക്കാറുണ്ട്. ഏതു ബിൽ അവതരിപ്പിച്ചാലും അത് അവതരിപ്പിക്കുന്ന മന്ത്രി നിയമസഭയിൽ വിശദീകരിച്ചു കൊണ്ട് സംസാരിക്കാറുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നും പറയാതിരുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അദ്ദേഹത്തിനു വല്ല അപകർഷതാബോധവും ഉള്ളതുകൊണ്ടാണോ അപരാധബോധമുള്ളതുകൊണ്ടാണോ എന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, സ്റ്റേറ്റ്മെൻറ് ഇതിൽക്കൂടി വിതരണം ചെയ്തിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ ഈ സ്റ്റേറ്റിൽ പറയാനില്ലാത്തതുകൊണ്ടാണ്. എനിക്ക് പറയാനുള്ളതെല്ലാം പറയാനുള്ള അവസരം ധാരാളമുണ്ടുതാനും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: നല്ലൊരു ന്യായം പറഞ്ഞു. എന്തായാലും ഈ നിയമസഭയിൽ മാത്രമല്ല നിയമസഭയുടെ പുറത്തും അഖിലേന്ത്യാ തലത്തിലും വളരെയധികം ശ്രദ്ധിക്കപ്പെട്ടതും വളരെയധികം പ്രതികരണങ്ങൾ പൊതുരംഗത്തുണ്ടാക്കുന്നതുമായ ഈ ബില്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് റൂംസിൽ പറയുന്ന പ്രകാരം ഒരു സ്റ്റേറ്റ്മെൻറ് തരാൻ അങ്ങു നിർബന്ധിതനാണ്. ഒരു സൗജന്യമായിട്ടല്ല. അതല്ലാതെ ഈ ബില്ലിനെ ന്യായീകരിച്ചുകൊണ്ട് ഒരു വാക്കുപോലും അദ്ദേഹത്തിനു ഉരിയാടാൻ ഇല്ലാതെ പോയത് ഖേദകരമായിപ്പോയി. ഇത് അങ്ങയുടെ (മുഖ്യമന്ത്രിയുടെ) മാനസിക നിലയെ ആണ് പ്രതിഫലിപ്പിക്കുന്നതെന്നു ഞാൻ കണക്കാക്കുന്നു. സർ, ഏതായാലും ലോക ചരിത്രത്തിലുള്ള നിയമനിർമ്മാണങ്ങളുടെ മുഴുവൻ ചരിത്രം പരിശോധിച്ചാലും ഇത്തരം കരാളവും കാപട്യം നിറഞ്ഞതുമായ ഒരു നിയമനിർമ്മാണം ഇദംപ്രഥമമായിട്ടാണ് കേരള നിയമസഭയിൽ നടക്കുന്നതെന്നു കാണാൻ കഴിയും. മുഖ്യമന്ത്രി ചിരിക്കുകയല്ല വേണ്ടത്. കരയുകയാണ് വേണ്ടത്. അദ്ദേഹം ലജ്ജിച്ചു തല താഴ്ത്തുകയാണ് വേണ്ടത്. ഇങ്ങനെ രാഷ്ട്രീയ അഴിമതി കുത്തിനിറച്ചുകൊണ്ടുള്ള ഒരു ബിൽ എങ്ങനെ ശ്രീ. പി.കെ. വാസുദേവൻ നായർക്കു സുസ്മേരവദനനായി–അവതരിപ്പിക്കാൻ കഴിയുന്നു എന്നുള്ളതു വളരെ ശ്രദ്ധേയമാണ്. ഈ ബിൽ അവതരിപ്പിക്കുന്നതു വഴി നിയമസഭയുടേയും നിയമസഭാസാമാജികൻമാരുടേയും സ്വാതന്ത്ര്യത്തേയും വിമർശനത്തിനുള്ള അവകാശങ്ങളേയും അഭിപ്രായസ്വാതന്ത്ര്യത്തേയും അന്തിമമായി ജനാധിപത്യത്തിൻെറ മൗലികമായ സിദ്ധാന്തങ്ങളേയും ഒറ്റയടിക്കു കാറ്റിൽ പറത്തിയിരിക്കുകയാണ്. സർ, ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർക്കണം. അദ്ദേഹമിരിക്കുന്ന കസേരയ്ക്കു വേണ്ടി ഇത്രയധികം വില കൊടുക്കണമോ? ഇത്രയധികം വില ഈ കസേരയ്ക്കു വേണ്ടി കൊടുക്കുവാൻ അങ്ങു തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഞങ്ങൾക്കു അങ്ങയോടു ഒരു പരിഭവവും ഇല്ല, അങ്ങു ഭദ്രമായി അതിൽ ഇരുന്നു കൊള്ളുക. ഒന്നാമതായി ഒരു കാര്യം എനിക്കു പറയുവാനുണ്ട്. ഈ ബിൽ അവതരിപ്പിച്ചപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഒരു വേല ചെയ്യേണ്ടിയിരുന്നില്ല. ഈ ഓർഡിനൻസിൻെറ 2-ാം സബ് സെക്ഷനിൽ It shall come into force at once എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ഓർഡിനൻസ് ബില്ലായിട്ടു വന്നപ്പോഴും ഇതേവരെ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള നിയമനിർമ്മാണങ്ങളുടെ ചരിത്രത്തിൽ ഇദംപ്രഥമമായി ഈ ബിൽ എന്നു പ്രാബല്യത്തിൽ വരുമെന്നു പറയാതെ ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. ഈ ബില്ലിൽ ഇത് എന്നു പ്രാബല്യത്തിൽ വരുമെന്നു പറഞ്ഞിട്ടില്ല. ഓർഡിനൻസിൽ പറയുന്നുണ്ട്. 'It shall come into force at once'. അതുകഴിഞ്ഞ് ഇതു ബില്ലായി വന്നപ്പോഴും ഡേറ്റ് ഓഫ് കമെൻസുമെൻറു പറഞ്ഞിട്ടില്ല. ഡേറ്റ് ഓഫ് കമെൻസുമെൻറ് പറയാതെ ഒരു ബിൽ സാധാരണ അവതരിപ്പിക്കാറില്ല. ആദ്യമായി അങ്ങനെ ഒരു ബിൽ അവതരിപ്പിച്ചതിനുള്ള സ്ഥാനവും മുഖ്യമന്ത്രിക്ക് അവകാശപ്പെടാവുന്നതാണ്. ഇതെന്തിനു വേണ്ടിയാണ്? ഡേറ്റ് ഓഫ് കമെൻസുമെൻറ് പറയുകയാണെങ്കിൽ എൻെറ പഴയ സ്നേഹിതൻ ഭാസ്കരൻ കാളാശ്ശേരിയെ രക്ഷിക്കുവാനുള്ള ഒരു ബില്ലെന്നുള്ള നിലയിൽ പറയേണ്ടിയിരുന്നത്. It shall be deemed to have come into force on 12th May, 1978 എന്നാണ്. അതു പറയാനുള്ള ലജ്ജ കൊണ്ട് എന്നു ഈ നിയമം നടപ്പിലാക്കുമെന്നുള്ള കാര്യം ഒളിച്ചുവച്ചിരിക്കുന്നു. ഏതെങ്കിലുമൊരു ബില്ലിൽ ഡേറ്റ് ഓഫ് കമെൻസുമെൻറ് ഇല്ലാതെ അവതരിപ്പിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയുകയില്ലെങ്കിൽ അദ്ദേഹത്തിൻെറ ലാ സെക്രട്ടറിയോടു ചോദിക്കണം. ബിൽ എന്നു മുതൽ നടപ്പിലാക്കുമെന്നു എഴുതാതെ എത്ര ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു ഇത് ഏതു തീയതി മുതൽ പ്രാബല്യത്തിൽ വരുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

എഴുതാമായിരുന്നു. നിയമസഭാംഗങ്ങളെ രക്ഷിക്കുവാൻ, രാജ്യത്തെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ ഉദ്ദേശിച്ചല്ലായിരുന്നുവെങ്കിൽ ഈ നിയമം എന്നു പ്രാബല്യത്തിൽ വരുമെന്നു പറയണമായിരുന്നു. അതു അദ്ദേഹം പറയുമായിരുന്നെങ്കിൽ it shall be deemed to have come into force on 12th May, 1978—എന്നു പറയണമായിരുന്നു. കാരണം 1978 മെയ് 12-ാം തീയതിയാണ് ബഹുമാനപ്പെട്ട കാളാശ്ശേരി ഹരിജൻ ഡവലപ്പ്മെൻറു കോർപ്പറേഷൻ ചെയർമാനായി നിയമിതനായ കൽപ്പന ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുള്ളത്. അതു കൊണ്ട് അതു പറയാതെ അതു ഗോപ്യമായിവച്ചുകൊണ്ട് സെക്ഷനിൽ പറഞ്ഞിരിക്കുകയാണ്. സെക്ഷനിൽ നാലഞ്ചു വാക്കുകൂടി കൊണ്ടുള്ള കസർത്താണ്. 'No person shall be disqualified or deemed ever to have been disqualified for being chosen as, and for being, a member of the Legislative Assembly' ഇങ്ങനെയുള്ള വേല പ്രയോഗിച്ചു കൊണ്ട് ഡേറ്റ് ഓഫ് കമെൻസുമെൻറ് ഇല്ലാതെ ഒരു ബിൽ അവതരിപ്പിച്ചിട്ടുള്ളത് എത്ര ലജ്ജാകരമാണെന്നു മുഖ്യമന്ത്രി ഒന്നാലോചിക്കണം.

ശ്രീ. എൻ. ഭാസ്കരൻ നായർ: ഇതൊരു അമെൻറുമെൻറ് ബില്ലാണ്. ഒറിജിനൽ ആക്ടറ് അമെൻറു ചെയ്യുന്ന ബില്ലാണ്. ആക്ടറിന്റെ സെക്ഷനിൽ it shall come into force at once എന്നു പറയുന്നുണ്ട്. അമെൻറുമെൻറു വരുമ്പോൾ അതും രണ്ടാമതു അമെൻറു ചെയ്യേണ്ട ആവശ്യമില്ല. ഒറിജിനൽ ആക്ടറിനു ഭേദഗതി വരുത്തുമ്പോൾ ഒറിജിനൽ ആക്ടറിൽ പറഞ്ഞിട്ടുള്ള കാര്യം വീണ്ടും എടുത്തു പറയേണ്ട ആവശ്യമുണ്ടോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒറിജിനൽ ആക്ടറിന്റെ കാര്യമല്ല. സബ് സെക്ഷൻ 2 -ലുള്ള പദപ്രയോഗംകൊണ്ട് മുൻകാല പ്രാബല്യം കൊടുക്കാമെന്നായിരിക്കാം. ഞാൻ നിയമപരമായ വശമല്ല പറഞ്ഞിട്ടുള്ളത്.

ശ്രീ. ഇ. പി. ഗോപാലൻ: മലയാളം ബി. എ. പാസ്സായിട്ട് നിയമം പറഞ്ഞാൽ എങ്ങനെയാണ്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, അഡ്വക്കേറ്റു ജനറലിന്റെ കസേരയിൽ ശ്രീ. ഇ. പി. ഗോപാലനെ ഇരുത്തണം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഞാൻ പറഞ്ഞുവന്നത് ഈ ഡേറ്റ് ഓഫ് കമെൻസുമെൻറിനെ സംബന്ധിച്ച് മുഖ്യമന്ത്രി പറയണമായിരുന്നു എന്നാണ്. ബഹുമാനപ്പെട്ട ഭാസ്കരൻ നായരെപ്പോലെ നിയമപാണ്ഡിത്യമില്ലെങ്കിലും ഉണ്ടെന്നു ഭാവിക്കുന്ന ശ്രീ. ഇ. പി. ഗോപാലനോടു ഞാൻ ചോദിക്കുകയാണ്, ഇതുപോലെയുള്ള ആക്ടറുകൾ അമെൻറു ചെയ്യാനുള്ള ഓർഡിനൻസ് തന്നെയല്ലേ കേരള നിയമസഭയിൽ ഇതേവരെ അവതരിപ്പിച്ചിട്ടുള്ളതു മുഴുവനും. ഓരോ ആക്ടറിലും date of commencement അല്ലെങ്കിൽ നോട്ടിഫൈ ചെയ്യുന്ന തീയതി മുതൽ എന്നു പറയാതെ ഒരൊറ്റ ആക്ടുപോലും ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. അതു പറയാതെ ഒരൊറ്റ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലും ഈ സഭയിൽ അവതരിപ്പിച്ചിട്ടില്ലെന്നു ശ്രീ. ഭാസ്കരൻ നായരോടും ശ്രീ. ഇ.പി. ഗോപാലനോടും ഞാൻ തന്നെ പറയുന്നു. ശ്രീ. ഇ. പി. ഗോപാലന് നിയമം അറിയുകയില്ലെങ്കിലും നിയമം അറിയാവുന്നതുപോലെ സംസാരിച്ചിട്ടു കാര്യമില്ല. ഈ നിയമസഭയിൽ at once എന്നോ ഡേറ്റ് ഓഫ് കമെൻസ്മെൻറ് എന്നോ പറയാതെയുള്ള ഒരൊറ്റ ബില്ലും അവതരിപ്പിച്ചിട്ടില്ല. ഒറിജിനൽ ആക്റ്റ് അമെൻറു ചെയ്യാനുള്ള അമെൻറുമെൻറ് ബില്ലുകളിലെല്ലാം തന്നെ ഡേറ്റ് ഓഫ് കമെൻസുമെൻറ് പറഞ്ഞിട്ടുണ്ട്. അതില്ലാതെ ഒരൊറ്റ ബില്ലു പോലും അവതരിപ്പിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. അതു ശ്രീ. ഭാസ്കരൻ നായരും ശ്രീ. ഇ. പി. ഗോപാലനും നല്ലതുപോലെ മനസ്സിലാക്കണം.

സർ, ഇലക്ഷൻ കമ്മീഷൻ ഈ കേസ് പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. ഇലക്ഷൻ കമ്മീഷൻ 2.11.1978-ൽ തിരുവനന്തപുരത്തു ഡിസ്കാളിഫിക്കേഷൻ സംബന്ധിച്ച ദാമോദരൻ കാളാശ്ശേരിയുടെ കേസിന്റെ ഹിയറിംഗ് നടത്തുമ്പോഴും അദ്ദേഹം വിധിന്യായമായിട്ടില്ലെങ്കിലും അദ്ദേഹം ഹിയറിംഗിൽ പരസ്യമായി പറഞ്ഞ പ്രതികരണം കേരളത്തിലെ എല്ലാ പത്രങ്ങളും കോട്ടു ചെയ്തിരുന്നു. അതു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ആ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ ഇലക്ഷൻ കമ്മീഷൻ പറഞ്ഞിട്ടുള്ളത് 1951-ലെ നിയമസഭാ സാമാജികൻമാരുടെ അയോഗ്യത നീക്കുന്ന നിയമത്തിന്റെ സംരക്ഷണം ഇക്കാര്യത്തിൽ അയോഗ്യത വന്നു എന്നുള്ള നിലയിൽ ശ്രീ. ദാമോദരൻ കാളാശ്ശേരിക്കു കിട്ടാൻ പ്രയാസമാണെന്നു പറഞ്ഞു. ഇതു ഓഫീസ് ഓഫ് പ്രോഫിറ് എന്ന നിലയിൽ നിലനിൽക്കുന്നതല്ലെന്ന് പറഞ്ഞു.

ഈ രണ്ടു കാര്യങ്ങളും വിധിന്യായം എന്ന നിലയിൽ അല്ലെങ്കിൽ കൂടിയും. ഇലക്ഷൻ കമ്മീഷന്റെ ഒബ്സർവേഷൻ, ആദ്യപ്രതികരണം എന്ന നിലയിൽ പറയുകയും അത് പല പത്രങ്ങളിലും റിപ്പോർട്ടു ചെയ്യുകയുമുണ്ടായി. അതുതന്നെയാണ് ഈ ഓർഡിനൻസ് ഉണ്ടാക്കാനുള്ള പ്രധാന കാരണം.

ശ്രീ. സി. എ. കുര്യൻ: സർ, പോയൻറ് ഓഫ് ആർഡർ. ഇലക്ഷൻ കമ്മീഷൻ തീരുമാനം പ്രഖ്യാപിക്കുന്നതിനു മുമ്പ് തന്നെ ഇലക്ഷൻ കമ്മീഷൻ എങ്ങനെ പറഞ്ഞു, എന്ത് പറഞ്ഞു എന്ന് ഒരു മെമ്പർക്ക് സഭയിൽ പ്രസംഗിക്കാൻ അവകാശമുണ്ടോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അത് ഇവിടെ എല്ലാ പത്രങ്ങളിലും റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. ഇലക്ഷൻ കമ്മീഷൻ അങ്ങനെ ഒരു ഒബ്സർവേഷൻ നടത്തിയിട്ടുണ്ടെന്നുള്ളതാണ് ഈ ഗവൺമെൻറിനെ ഈ ഓർഡിനൻസ് കൊണ്ടുവരാൻ പ്രേരിപ്പിച്ചത്. അതിൽ പിന്നീട് നടത്തിയ നടപടി ആ നിഗമനം ശരിവയ്ക്കുന്നുണ്ട്. സർ, 1978 ഡിസംബർ മാസം 30-ാം തീയതിയാണ് ഇലക്ഷൻ കമ്മീഷൻ ശ്രീ. ദാമോദരൻ കാളാശ്ശേരിയുടെ അയോഗ്യത സംബന്ധിച്ച കേസ്സിന്റെ ഹിയറിംഗ് വച്ചത്. അന്നു രാവിലെ 11 മണിക്കാണ് വച്ചിരുന്നത്. അതിന്റെ തലേദിവസം അതായത് 29.12.1978 ലാണ് ഈ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. 29.12.1978-ൽ അതിരാവിലെ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായർ കുളിയും പല്ലുതേപ്പും പോലും കഴിയാതെ ഗവർണ്ണറുടെ അടുത്തേക്ക് പോകുകയും ഗവർണ്ണറെ കൊണ്ട് ഓർഡിനൻസ് ഒപ്പിടുവിച്ച് സ്വന്തം കീശയിൽ കൊണ്ടു വരികയും ഇവിടെ നിന്ന് പ്രത്യേക ഉദ്യോഗസ്ഥനെ പ്പെയിനിൽ ഡെൽഹിയിലേക്ക് പറത്തുകയും ചെയ്തു. ആ ഉദ്യോഗസ്ഥൻ ഓർഡിനൻസുമായി പറന്ന് ഡെൽഹിയിൽ എത്തി. 30.12.1978-ൽ ഇലക്ഷൻ കമ്മീഷൻ ദാമോദരൻ കാളാശ്ശേരിയെ വിളിച്ചപ്പോഴേ പി. കെ. വാസുദേവൻ നായരുടെ ആളും അവിടെ എത്തി, ഓർഡിനൻസുമായി. ദാമോദരൻ കാളാശ്ശേരി അല്ല സർ ഹാജരായത്. ഈ ഗവൺമെൻറിന്റെ ഒരു ഉദ്യോഗസ്ഥൻ ഈ ഓർഡിനൻസ് ഇലക്ഷൻ കമ്മീഷന്റെ മേശപ്പുറത്ത് വച്ചു. ഈ ഓർഡിനൻസ് പ്രകാരം അയോഗ്യതയില്ല അതു കൊണ്ട് കേസ് നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. അങ്ങനെയാണ്, ഈ ഓർഡിനൻസിന്റെ ഫലമായിട്ടാണ് കേസ് നീട്ടിവാങ്ങിച്ചിട്ടുള്ളത്. ഈ ഓർഡിനൻസ് ദാമോദരൻ കാളാശ്ശേരിക്കു മാത്രമാണെന്നു പറയാൻ എനിക്ക് കഴിയുകയില്ല. വ്യക്തമായ വകുപ്പുകൾ ഉൾക്കൊള്ളുന്ന ഒരു ഓർഡിനൻസാണ് ഇത്. ഇതൊരു രാഷ്ട്രീയ അഴിമതി ആകുന്നത് ദാമോദരൻ കാളാശ്ശേരിയുടെ കാര്യത്തിൽ അയോഗ്യത ഉന്നയിക്കുന്ന നടപടിയായതുകൊണ്ടു മാത്രമല്ല ഈ നിയമസഭയിലെ ഏതു അംഗത്തിനു വേണമെങ്കിലും ഈ സ്ഥാനം കൊടുക്കാൻ കഴിയും. ഇതൊരു രാഷ്ട്രീയ അഴിമതിയായി മാറാൻ കഴിയും. അതിനു ഗവൺമെൻറിന് കഴിവുണ്ടാക്കിക്കൊടുക്കുന്ന ഒരു വകുപ്പാണ് ഈ ഓർഡിനൻസിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇത് ഒരാളിനെ മാത്രം ഉദ്ദേശിച്ചല്ല. പാവം, കാളാശ്ശേരിയുടെ കാര്യം പറയുകയാണെങ്കിൽ നമുക്കറിയാം മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആൻറണിയും ബേബിജോണും കൂടി ബോധപൂർവ്വം പടച്ചുണ്ടാക്കിയ ഒരു കെണിയിൽ ആ പാവത്തെ ചാടിക്കുകയാണ് ഉണ്ടായതെന്ന്. സർ, കഴിഞ്ഞ ഏപ്രിൽ 22-ാം തീയതി ശ്രീമതി ഇന്ദിരാഗാന്ധി എറണാകുളത്തു വന്നപ്പോൾ അവരെ സന്ദർശിക്കാൻ എറണാകുളം ഗസ്റ്റ് ഹൗസിൽ ശ്രീമാൻ കാളാശ്ശേരി എത്തി. ശ്രീ. കാളാശ്ശേരിയെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. കാളാശ്ശേരി മാത്രമല്ല ഈ രാജ്യത്ത് മനസ്സാക്ഷിയുള്ള എല്ലാ ജനങ്ങളും ഇന്ന് ഇന്ദിരാഗാന്ധിയുടെ കൂടെയാണ്. അതിന് ഇൻഡ്യയിൽ രാഷ്ട്രീയ കാരണങ്ങളും ഉണ്ട്.

ശ്രീ. ഉമ്മൻചാണ്ടി: ശ്രീ. ദാമോദരൻ കാളാശ്ശേരി ഇന്ദിരാഗാന്ധിയെ കാണാൻ എത്തി എന്നു പറഞ്ഞു. കണ്ടു എന്നു പറയാമോ? (കോൺഗ്രസ് ഐ ഭാഗത്തു നിന്നും ഈയവസരത്തിൽ അവ്യക്തമായി പലരും ഉച്ചത്തിൻ എന്തൊക്കെയോ വിളിച്ചു പറഞ്ഞു).

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി സംസാരിച്ചുകൊണ്ട് നിൽക്കുകയാണ്. അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. കെ. എ. മാത്യു: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ സംസ്ഥാനത്തിന്റെ ഭരണസംവിധാനത്തെ പൊതുവായി ബാധിക്കുന്ന ഒരു ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ആഭ്യന്തരമായി ചില കാര്യങ്ങൾ വച്ചുകൊണ്ട് പരസ്പരം ചെളി വാരി എറിയാൻ അനുവദിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ പറഞ്ഞു വരുന്നത് മറൊന്നുമല്ല. ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത് ഞാൻ നേരത്തെ പറഞ്ഞതു പോലെ ഇവിടെ രാഷ്ട്രീയ സുരക്ഷിതത്വം എന്നു നിങ്ങൾ എപ്പോഴും അവകാശപ്പെടുന്നത് അഭംഗുരം നിലനിറുത്താൻ തന്നെയാണ് എന്നു ഞാൻ സമ്മതിക്കുന്നു. രാഷ്ട്രീയമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിനു എല്ലാ ന്യായീകരണങ്ങളും നിങ്ങൾ കണ്ടുപിടിക്കും. എന്നാൽ പാവപ്പെട്ട ഒരു ഹരിജനെ കെണിയിൽ വീഴ്ത്തി എന്നുള്ളതിനു ചരിത്രം നിങ്ങൾക്കു മാപ്പു തരികയില്ല. ശ്രീ. ബേബിജോണും ശ്രീ. എ. കെ. ആൻറണിയും കൂടി അദ്ദേഹത്തെകൊണ്ടു ശമ്പളം പറ്റുന്ന ഒരു ഉദ്യോഗം സ്വീകരിപ്പിച്ചാൽ .....

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ബഹുമാനപ്പെട്ട ദാമോദരൻ കാളാശ്ശേരി എന്റെ നിയോജക മണ്ഡലത്തിൽ താമസിക്കുന്ന ഒരാളാണ്. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനും മറ്റും എത്രയോ തവണ അദ്ദേഹത്തിന്റെ വീട്ടിൽ വന്നു പോയിട്ടും അദ്ദേഹത്തെ കിട്ടാത്തതുകൊണ്ടല്ലേ, ഇത്തരത്തിലുള്ള ഒരു ആരോപണം ഉന്നയിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിൽ പോയിൻറ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഏതായാലും ഒരു ഓഫീസ് ഓഫ് പ്രോഫിറ്റ്, ശമ്പളം പറ്റുന്ന ഒരു ചെയർമാൻസ്ഥാനം അദ്ദേഹം നിയമസഭാംഗമായിരിക്കുമ്പോൾ സ്വീകരിച്ചാൽ പിന്നെ പെട്ടന്നൊന്നും മാറാൻ പറ്റുകയില്ലെന്ന് ശ്രീ. ബേബിജോണിനും ശ്രീ. ആൻറണിക്കും നല്ലതു പോലെ അറിയാം. അറിഞ്ഞു കൊണ്ടുതന്നെ അവർ അദ്ദേഹത്തിന് ആ സ്ഥാനം കൊടുക്കുകയും ചാക്കിലാക്കുകയും ചെയ്തു. അങ്ങനെ തൽക്കാലം കൂടെ നിർത്താമെന്നല്ലാതെ വേറെ എന്താണ് കാര്യം. ഗവൺമെൻറിലുള്ള പ്രമുഖൻമാരായ മന്ത്രിമാർ, ഒരു കോർപ്പറേഷനിൽനിന്ന് ശമ്പളം പറ്റുന്ന ഇത്തരം സ്ഥാനം ഒരു എം. എൽ. എ. സ്വീകരിച്ചാൽ അതിൽ അയോഗ്യത ഉണ്ടോ ഇല്ലയോ എന്ന് അറിഞ്ഞുകൂടാത്ത ആളുകളാണോ? അല്ല ഒരിക്കലുമല്ല. അതുകൊണ്ട് അറിഞ്ഞുകൊണ്ടു തന്നെ ഒരു പാവപ്പെട്ട ഹരിജനെ കുടുക്കിൽ വീഴ്ത്തിയിരിക്കുകയാണ്. അങ്ങനെ രാഷ്ട്രീയമായ ഒരു കൊല്ലാക്കൊല, ഒരു വഞ്ചന എ. കെ. ആൻറണി നടത്തിയെന്നുള്ളത് കുറ്റകരമാണ്. അദ്ദേഹം പറയുന്നതൊന്നും പ്രവർത്തിക്കുന്നത് വേറൊന്നും എന്നുള്ളതിനു ഒരു ദൃഷ്ടാന്തമാണിത്. ഇങ്ങനെ ചെയ്യുന്നത് ഒരിക്കലും ശരിയല്ല.

സർ, ഇങ്ങനെ ഏപ്രിൽ 22-ാം തീയതി വന്നു കണ്ടു എന്നുള്ളതുകൊണ്ട്, അദ്ദേഹത്തിന്റെ മനസ്സു എപ്പോഴും ഇവിടേയും ശരീരം അവിടേയും എന്ന നിലയിൽ ഇരിക്കുകയാണ്. മന്ത്രിയായാലും ശരി ശരീരം അവിടേയും മനസ് ഇവിടേയും ആയതുകൊണ്ട് അദ്ദേഹത്തെ ഇങ്ങനെ കെണിയിൽ കുരുക്കിക്കൊണ്ട് ഇങ്ങനെ ചെയ്തത് പാതകമായിപ്പോയി, ധാർമ്മികമായി ശരിയായ കാര്യമല്ല. സർ, ഏതായാലും അതിനുശേഷം കാളാശ്ശേരി എന്ന നില വിട്ട്, ഒരു വ്യക്തി എന്ന നില വിട്ട് ഇങ്ങനെ വ്യാപകമായ സ്വഭാവം ഈ ഓർഡിനൻസിന്റെ ഒസെക്ഷനു

LIBRARY ARCHIVES Kerala Legislative Assembly

വന്നു. അതു പരിശോധിക്കണം. കാളാശ്ശേരി മാത്രമല്ല ഈ നിയമസഭയിലെ ഏതംഗത്തിനും ശമ്പളം പറ്റുന്ന ചെയർമാൻസ്ഥാനം അയോഗ്യതയില്ലാതെ ഏറെറടുക്കാമെന്നുള്ള വകുപ്പാക്കി ഈ ഓർഡിനൻസിനെ മാററിയതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതു കാളാശ്ശേരിക്കു മാത്രമല്ല ഈ നിയമസഭയിലെ ഏതംഗത്തിനും വേണ്ടിയുള്ളതാണ്. പ്രത്യേകിച്ചു ഭരണകക്ഷിയിലെ എല്ലാ അംഗങ്ങൾക്കും വേണ്ടിയുള്ളതാണെന്ന് അതിനു ശേഷമുള്ള സംഭവങ്ങളും തെളിയിച്ചിട്ടുണ്ട്. ഭരണകക്ഷികളിൽ മാറി മാറി അന്തഃഛിദ്രങ്ങളുണ്ടായി, അഭിപ്രായവ്യത്യാസങ്ങളുണ്ടായി, അസംതൃപ്തിയുണ്ടായി. അത് തീർക്കുന്നതിന് ഒരു വജ്രായുധമാക്കുന്നതിനു വേണ്ടിയാണ് വ്യാപകമായ വ്യാപ്തി ഈ ഓർഡിനൻസിന്റെ സെക്ഷനു കൊടുത്തത്. മന്ത്രിസഭ മാറി വച്ചു. അനേകം മന്ത്രിമാർക്ക് സ്ഥാനം നഷ്ടപ്പെട്ടു. ചരിത്രത്തിൽ ഇല്ലാത്ത വിധത്തിൽ. ഒരു മന്ത്രി രാജി വച്ചു പോകുന്നത് സ്വാഭാവികമാണ്. ഇവിടെ മന്ത്രിമാരെ കൂട്ടത്തോടെ മാററുന്നു. വ്യാപകമായ അസംതൃപ്തി ഉണ്ടാകുന്നു. അങ്ങനെ മന്ത്രിസഭ ഏതു നിമിഷവും നിലംപതിക്കുമെന്ന സാഹചര്യമുണ്ടാകുമ്പോൾ അതിനെ താങ്ങി നിറുത്താനുള്ള ഒരു വജ്രായുധം, ഒരു പോംവഴി എന്നുള്ള നിലയിലാണ് എല്ലാ എം. എൽ. എ. മാർക്കും വ്യാപകമായി അയോഗ്യത നീക്കം ചെയ്തുകൊണ്ട് ഇതു നടപ്പാക്കാൻ തീരുമാനിച്ചത്. അങ്ങനെ മന്ത്രിസ്ഥാനം നഷ്ടപ്പെട്ടവർക്ക് ചെയർമാൻ സ്ഥാനം കൊടുക്കാം. മന്ത്രിസ്ഥാനം കൊടുക്കാൻ കഴിയാത്തവർക്ക് ചെയർമാൻ സ്ഥാനം കൊടുക്കാം. മനസ്സാക്ഷിയനുസരിച്ച് അപ്പുറത്ത് ഇരിക്കാൻ തയ്യാറില്ലാത്ത രാഷ്ട്രീയാഭിപ്രായം അനുസരിച്ച് പ്രതിപക്ഷത്തെയ്ക്ക് പോകണമെന്ന് ആഗ്രഹിക്കുന്ന ആളുകളെ പിടിച്ചു നിർത്താനുള്ള ഒരു മാർഗ്ഗമാണ് ഇത്. അങ്ങനെ എം. എൽ. എ. മാർക്ക് കോർപ്പറേഷനിലും കമ്പനികളിലും ശമ്പളം പറ്റുന്ന ചെയർമാനാകാനുള്ള അയോഗ്യത വ്യാപകമായി നീക്കുന്നതിന് ബിൽ അവതരിപ്പിച്ചതിന്റെ കാരണം ഇതാണ്. അതുകൊണ്ടാണ് സബ് ക്ലാസ് രണ്ടിൽ പറയുന്നത്, രണ്ടിലും പറയുന്നത് No person shall be disqualified or deemed ever to have been disqualified for being chosen as and for being a member of the Legislative Assembly of the State of Kerala by reason only.

(i) that he holds or has held the office of the Chairman of a Government Company.

(ii) that he holds or has held the office of the Chairman of a Corporation established or constituted by or under any Central or State Act and owned or controlled by the Government of Kerala. അങ്ങനെ കമ്പനികളിലും കോർപ്പറേഷനുകളിലും ഗവൺമെൻറിന്റെ മൂലധനമുള്ള കമ്പനികളിലും എം. എൽ. എ. മാർക്ക് ശമ്പളം പറ്റുന്ന ഉദ്യോഗം വഹിക്കാം. ഭരണഘടനയുടെ ആർട്ടിക്കിൾ 191-ൽ പറയുന്ന അയോഗ്യത ഉണ്ടാകുകയില്ല എന്ന് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തതിനു ശേഷമാണ് ഭരണമുന്നണിയുടെ ലെയിസോൺ കമ്മിറ്റി കൂടിയത്; വിവിധ കോർപ്പറേഷനുകളുടെ ചെയർമാൻ സ്ഥാനം പങ്കു വയ്ക്കാൻ തീരുമാനിച്ചത്. അതിന്റെ പട്ടിക തിരിച്ചുള്ള ലിസ്റ്റു ഞാൻ വായിക്കുന്നില്ല. ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ കോൺഗ്രസ്സിനു, അഗ്രോ മെഷീനറി കോർപ്പറേഷൻ കോൺഗ്രസ്സിനു, ഭൂവികസന കോർപ്പറേഷൻ കോൺഗ്രസ്സിനു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഒരു ചോദ്യം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഒന്നു ശാന്തമായിട്ട് ഇരിക്കൂ. ഉമ്മൻ ചാണ്ടിക്ക് വിഷമമുണ്ടെങ്കിൽ ഞാൻ ആ ലിസ്റ്റു വായിക്കുന്നില്ല. എന്തായാലും അങ്ങനെ പകിടുന്നു. അതിൽ അടങ്ങിയിരിക്കുന്ന, അതിൽ പതിയിരിക്കുന്ന വ്യാപകമായിട്ടുള്ള .....

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ലാൻറ് ഡെവലപ്പ്മെൻറ് കോർപ്പറേഷന്റെ ചെയർമാനായിട്ട് ഒരു എം.എൽ. എ. യെ വെയ്ക്കാൻ വേണ്ടിയാണ് ഈ ബിൽ എന്നു അദ്ദേഹം പറഞ്ഞു. എന്നാൽ ലാൻറ് ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ ചെയർമാനായിട്ടു ഒരു ഉദ്യോഗസ്ഥനെ അപ്പോയിൻറു ചെയ്തിരിക്കെ ഇങ്ങനെ പറയുന്നതു ശരിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അതിൽ പോയിൻറ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഞാൻ അത്തരം അണിയറരഹസ്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. നിങ്ങൾ അപ്പോയിൻറു ചെയ്തോ ഇല്ലയോ എന്നുള്ളതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എന്തായാലും വ്യാപകമായ അഴിമതി നടത്തുന്നതിന് അവസരം സൃഷ്ടിക്കുന്നതിനുള്ള ഒരു വകുപ്പാണ് ഈ ഭേദഗതികൊണ്ട് ഉണ്ടായിട്ടുള്ളത് എന്നാണ് എനിക്കു പറയാനുള്ളത്.

സർ, കണക്കുകൾ അനുസരിച്ച് കമ്പനികളും കോർപ്പറേഷനുകളും ആയിട്ട് 60 എണ്ണമുണ്ട്. അതിൽ 12 എണ്ണത്തിന്റെ കഥ മുഖ്യമന്ത്രി പറഞ്ഞു. 9 കോടി നഷ്ടം വരുത്തി. ഇനി ആഭ്യന്തര മന്ത്രി കെ. എം. മാണിയുടെ മാരിറെറൻ കോർപ്പറേഷൻ അടക്കം 12 എണ്ണം പുതുതായി ഉണ്ടാകുന്നു. അങ്ങനെ 72 എണ്ണം. ഭരണമുന്നണിക്ക് ഒരു ആപത്തും ഒരു കാലത്തും വരികയില്ല. സുരക്ഷിതമാണ്. ഇങ്ങനെ രാഷ്ട്രീയമായിട്ടുള്ള വ്യാപകമായ അഴിമതിക്ക് അവസരം കൊടുക്കുന്ന ഈ വകുപ്പു ഇതിൽ എഴുതിച്ചേർത്തിട്ടുള്ളത് തീർച്ചയായിട്ടും ഭരണഘടനയുടെ അന്തസത്തയ്ക്ക് എതിരാണ്. ഭരണഘടനയിൽ 101 (എ) അനുസരിച്ചുള്ള ഒരു ഓർഡിനൻസാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ആ ആർട്ടിക്കിളിൽ എം. എൽ. എ. മാർക്കുള്ള അയോഗ്യത നീക്കുന്നതിനുള്ള നിയമം നിർമ്മിക്കുന്നതിന് നിയമസഭയ്ക്ക് അവകാശം ഉണ്ടെന്നുള്ള കാര്യം വ്യക്തമാണ്. എന്നാൽ അത് ഒന്നു വായിക്കേണ്ടതു ആവശ്യമാണ്. ഈ ആർട്ടിക്കിളിൽ പറയുന്നത് A person shall be disqualified for being chosen as, and for being, a member of the Legislative Assembly or, Legislative Council of a state.

(a) if he holds any office of profit under the Government of India or the Government of any State specified in the First Schedule other than an office declared by the Legislature of the state by law not to disqualify its holder പിന്നെ പ്രൊവൈസോ ഉണ്ട്, പ്രധാനമായിട്ടുള്ളതാണ്. For the purposes of this Article, a person shall not be deemed to hold an office of profit under the Government of India or the Government of any State

LIBRARY ARCHIVES Kerala Legislative Assembly

specified in the First Schedule by reason only that he is a Minister either for the Union or for such State.

സർ, അത് എക്സ്പ്ലനേറ്ററി പ്രൊവിഷനാണ്. ആ വിശദീകരണത്തിൽ പറയുന്നത്, മന്ത്രിയായിട്ട് കേന്ദ്രത്തിലോ സംസ്ഥാനങ്ങളിലോ ശമ്പളം പറ്റുക, അതുപോലുള്ള അംഗങ്ങൾക്കു മാത്രമാണ് ഭരണഘടന ഈ ഒഴിവു കൊടുക്കുവാൻ വിഭാവന ചെയ്തിട്ടുള്ളത്. അതു കൊണ്ടാണ് അഭിപ്രായസ്വാതന്ത്ര്യം നിലനിറുത്തുന്നതിനു വേണ്ടിയിട്ട്, ഈ സ്വതന്ത്ര സ്വഭാവം ഈ നിയമസഭയ്ക്ക് നിലനിറുത്തുന്നതിനു വേണ്ടിയിട്ട്, തീർച്ചയായിട്ടും ഭരണ ഘടനയുടെ സ്പിരിറ്റിനെതിരായിട്ട് പോകരുത് എന്നു സുപ്രീം കോടതി വരെ പറഞ്ഞിട്ടുള്ളത്. 1974-ൽ എ. ഐ. ആർ. റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 2355 ആയി റിപ്പോർട്ടു ചെയ്ത ഒരു കേസിൽ വ്യക്തമായിട്ടു സുപ്രീം കോടതി പറയുന്നു So long as the legislature exercises this exemptive power reasonably and with due restraint, in a manner which does not drain out article 191 (i) (a) and its real content. 90 (1) (എ) ഈ നിയമസഭയുടെ സ്വാതന്ത്ര്യത്തെ നിഹനിക്കത്തക്കവിധത്തിൽ പാസ്സാക്കാനുള്ള അവകാശം എല്ലാ നിയമസഭകൾക്കും കൊടുത്തിട്ടുള്ളതാണ്. അത്യാവശ്യമായിട്ടുള്ള ഘട്ടങ്ങളിൽ എം. എൽ. എ. ഒരു സമിതിയിൽ പങ്കെടുക്കേണ്ടതു് ആവശ്യമാണെങ്കിൽ അതിനുള്ള അനുവാദം കൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ക്ലോസ് ആണ് അത്. അതനുസരിച്ച് കേന്ദ്രത്തിലേയോ സംസ്ഥാനങ്ങളിലേയോ മന്ത്രിക്ക് ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് ഇൻവെസ്റ്റിഗേറ്റു ചെയ്യുന്ന കമ്മിറ്റിയിൽ അതായത് അന്വേഷണ കമ്മീഷനുകളിൽ അങ്ങനെയുള്ള സമിതികളിൽ അല്ലാതെ ഈ നിയമസഭാംഗത്തിന് മൊത്തമായിട്ട് എല്ലാ ഗവൺമെൻറു കമ്പനികളിലും കോർപ്പറേഷനുകളിലും ശമ്പളം പറ്റുന്ന ചെയർമാൻ സ്ഥാനം സ്വീകരിക്കാമെന്നു പറയുന്നത് തീർച്ചയായിട്ടും ഭരണഘടന അനുശാസിക്കുന്ന ഈ നിയമസഭയുടെ സ്വാതന്ത്ര്യത്തിനും നിലനിൽപ്പിനും ഒക്കെ എതിരായിട്ടുള്ളതാണെന്ന് വളരെ വ്യക്തമായിട്ടു കാണാൻ കഴിയും.

സർ, ചില പ്രത്യേക കാര്യങ്ങളിൽ സേവനം ആവശ്യമായി വരുമ്പോൾ അങ്ങനെ ചെയ്യേണ്ടതായി വരും. ഇതിനു മുമ്പു പല തവണയും ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. ആ ഭേദഗതികളെല്ലാം പരിശോധിക്കുകയാണെങ്കിൽ വ്യക്തമായി മനസ്സിലാക്കാൻ കഴിയും ഈ ചെയ്തിട്ടുള്ളതിൻെറയൊക്കെ അപാകതകളും. ആക്ടറ് ആദ്യം പാസ്സാക്കിയത് 1951-ൽ ആണ്. 1954-ൽ പാസ്സാക്കിയത് നാഷണൽ കേഡറ് കോർ സേവനമനുഷ്ഠിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ പൊതുതാൽപ്പര്യത്തിനനുസരിച്ച് എക്സംപ്ഷൻ കൊടുക്കണമെന്നുള്ള ഇൻഡ്യാ ഗവൺമെൻറിൻെറ നിർദ്ദേശമനുസരിച്ചാണ്. ഭരണഘടന നിലവിൽ വന്നതിനുശേഷം സ്വകാര്യ സ്കൂൾ അദ്ധ്യാപകർക്ക് നിയമസഭാംഗമാകുന്നതിനുള്ള തടസ്സം നീക്കുന്നതിനു വേണ്ടിയാണ് 1951-ൽ ആദ്യമായി നിയമ നിർമ്മാണം നടത്തിയത്. അതിനു ശേഷം 1968-ലും നിയമനിർമ്മാണം നടത്തി.

ശ്രീ. ടി. എം. ജേക്കബ്: ഒരു ചോദ്യം. അദ്ധ്യാപകരെക്കൂടി ഉൾക്കൊള്ളിക്കാനാണ് നിയമം ഭേദഗതി ചെയ്തത്. അദ്ധ്യാപകർക്ക് ഈ അവകാശം കൊടുക്കുന്നതു തെറ്റാണെന്നാണോ ദേവസ്സിക്കുട്ടിയുടെ അഭിപ്രായം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സ്വകാര്യ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ നമുക്കറിയാം. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ വലിയ പങ്കു വഹിച്ചിട്ടുള്ള ബഹുഭൂരിപക്ഷം ആളുകളും അദ്ധ്യാപകരാണ്. അങ്ങനെയുള്ളവർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം കൊടുക്കാൻ വേണ്ടി അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള പൊതു നയത്തിന്റെ പേരിലാണ് 1950-ൽ അങ്ങനെ ചെയ്തത്. 1954-ൽ എൻ. സി. സി. യിലുള്ളവർക്കു വേണ്ടി ഭേദഗതി ചെയ്തു. 1968-ൽ ഒരു എം. എൽ. എ.ക്ക് പ്ലാനിംഗ് ബോർഡിൽ അംഗമാകുന്നതിനു കഴിവുണ്ടാക്കുന്നതിനുവേണ്ടി ഭേദഗതി ചെയ്തു. അതുപോലെ തന്നെ ഒരു എം. എൽ. എ. ക്ക് പിന്നോക്ക സമുദായക്കമ്മീഷനിൽ അംഗത്വം കിട്ടുന്നതിനു വേണ്ടിയും ഭേദഗതി ചെയ്തു. That he is a member of the Air Defence Reserve or the Auxiliary Air Force raised under the Reserve and Auxiliary Air Forces Act, 1952. ഇതൊക്കെ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള നയരൂപീകരണത്തിന്റെ പേരിൽ ആർട്ടിക്കിൾ 101 അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ചെയ്തിട്ടുള്ളതാണ്. ഇങ്ങനെ നാണംകെട്ട രീതിയിലുള്ള ഒരു അമെൻറുമെൻറ് ആദ്യമായാണ് ഈ നിയമസഭയിൽ വരുന്നത്. സർ, ഈ കോർപ്പറേഷനുകളിലും മറ്റുമുള്ള മുഴുവൻ ഷെയറും ആരുടേതാണ്? മുഴുവനും സംസ്ഥാന ഗവൺമെൻറിനേറതാണ്. അല്ലെങ്കിൽ അൻപതു ശതമാനം സംസ്ഥാന ഗവൺമെൻറിനേറതും അൻപതു ശതമാനം കേന്ദ്രഗവൺമെൻറിനേറതും. അങ്ങനെയുള്ള കോർപ്പറേഷനുകളുടെ ചെയ്തികളും പരിശോധിക്കുന്നത് പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയാണ്. ഇവയുടെയെല്ലാം ചെയ്തികളും പരിശോധിക്കാൻ പരമാധികാരമുള്ള ആ കമ്മിറ്റി ആണ് പരിശോധിച്ചു റിപ്പോർട്ടു ചെയ്യേണ്ടത്. ആ കമ്മിറ്റിയിലെ ആളുകൾക്ക് യാതൊരയോഗ്യതയും കൂടാതെ കോർപ്പറേഷനുകളിലും കമ്പനികളിലും ചെയർമാൻമാരായിരിക്കാമെന്നുവന്നാൽ പിന്നെ എവിടെയാണു സർ, ജനാധിപത്യം? എവിടെയാണ് സാമ്പത്തിക മായ നിയന്ത്രണം? ഭരണമുന്നണിയിലെ അംഗങ്ങൾ അതൊന്നു ശാന്തമായി ആലോചിക്കണമെന്നു ഞാനാവശ്യപ്പെടുന്നു. കോർപ്പറേഷനുകളിലും കമ്പനികളിലും അഴിമതിയോ സ്വജനപക്ഷപാതമോ ഒക്കെ ഉണ്ടായാൽ അതൊക്കെ ഈ നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ഈ കമ്മിറ്റിയിലെ മെമ്പർമാരാണ്. കമ്മിറ്റിയിൽ മെമ്പർമാരല്ലാത്തവർക്കും മെമ്പർമാരായവർക്കുമെല്ലാം ചെയർമാൻമാരായിരിക്കാം എന്നു പറഞ്ഞാൽ എവിടെപ്പോയി ജനാധിപത്യത്തിന്റെ നിയന്ത്രണം? എവിടെപ്പോയി അഭിപ്രായസ്വാതന്ത്ര്യത്തിന്റെ നിയന്ത്രണം?

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: 1973-ൽ കേരള കോൺഗ്രസ്സുകാരനായിരുന്ന ശ്രീ. കുഞ്ഞുകൃഷ്ണൻ നാടാരെ ഹാൻറി ക്രാഫ്റ്റ്സ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ചെയർമാനാക്കിക്കൊണ്ട് ദേവസ്സിക്കുട്ടി നടത്തിയ ശ്രമങ്ങളൊക്കെ ജനാധിപത്യപരമായിരുന്നു എന്നാണോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇതുപോലൊരു അയോഗ്യത നീക്കൽ ഓർഡിനൻസ് പുറപ്പെടുവിച്ച് ജനാധിപത്യത്തെയും മറ്റും നിഹനിച്ചുകൊണ്ട് ഉള്ളതായിരുന്നു അത് എന്നു ഞാൻ പറയുകയില്ല; ഒരു പൊതു പ്രവർത്തകൻ ആ സ്ഥാനത്തു വരുന്നതിനെയല്ല സർ, ഞാൻ പരാമർശിച്ചത്. ഈ നിയമസഭയിൽ അംഗങ്ങളായി ഇരുന്നുകൊണ്ട് ഇതെല്ലാം നോക്കുകയും ശ്രദ്ധിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ട എം.എൽ.എ. മാരുടെ അയോഗ്യത നീക്കിയെടുത്ത് ഏതു കോർപ്പറേഷനുകളിലും

LIBRARY ARCHIVES Kerala Legislative Assembly

കമ്പനികളിലും ചെയർമാൻമാരായിരിക്കാമെന്നുള്ള ഈ നടപടി തെറ്റായിപ്പോയി എന്നു ചൂണ്ടിക്കാണിക്കുകയാണു ഞാൻ ചെയ്യുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട വി. ടി. സെബാസ്റ്റ്യന്റെ ചോദ്യത്തിന് ഒരു പ്രസക്തിയുമില്ല. മഹത്തായ ജനാധിപത്യകടമ നിർവ്വഹിക്കാനുള്ളതുകൊണ്ടാണ് നിയമസഭാംഗങ്ങൾക്കൊക്കെ ആർട്ടിക്കിൾ 194 അനുസരിച്ച് സംരക്ഷണം നൽകിയിട്ടുള്ളത്. ഗവൺമെന്റിന്റെ ചെയ്തികളെ വിമർശിക്കാനും പൊതുമുതൽ ധൂർത്തടിക്കുന്നതിനെപ്പറ്റി പറയാനും എന്തു കാര്യവും മുഖം നോക്കാതെ വിമർശിക്കാനും ഒക്കെയുള്ള പരമാധികാരം ബ്രിട്ടീഷ് പാർലമെന്റിന്റെ പാരമ്പര്യമനുസരിച്ച് നമ്മുടെ ഭരണഘടന നമുക്കും തന്നിട്ടുണ്ട്. ജനാധിപത്യത്തിന്റെ പവിത്രമായ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിന് ഭരണഘടന അങ്ങനെ നമുക്കു സംരക്ഷണം നൽകിയിട്ടുണ്ട്. അതൊക്കെ അനുഭവിച്ചുകൊണ്ട് നക്കാപിച്ചാ കോർപ്പറേഷന്റെ ചെയർമാൻമാരാകാൻ വേണ്ടി അയോഗ്യത നീക്കുക എന്നു പറഞ്ഞാൽ അതിൽപ്പരം ഒരു നാണക്കേടുണ്ടോ? "In the interest of the proper management and administration of Government Companies and Statutory corporations owned or controlled by the State Government, it was considered expedient to provide that the office of Chairman of any such Company or Corporation will not also disqualify the holder thereof from being chosen as and for being a member of the Legislative Assembly." അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇതിടെ ഒരു പ്രസ്താവന ഞാൻ വായിച്ചു. മുഖ്യമന്ത്രിയുടെയോ മറ്റോ ആണെന്നു തോന്നുന്നു. ഈ നിയമസഭാംഗങ്ങളുടെ ശേഷിയും ടാലന്റുമൊക്കെ ഉപയോഗിക്കുന്നതിനു വേണ്ടിയാണെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ ടാലന്റ് ഉപയോഗിക്കണമെന്നുണ്ടെങ്കിൽ ആദ്യം ചെയ്യേണ്ടത് (ഞാൻ എതിർക്കുകയല്ല, സ്നേഹബുദ്ധ്യാ പറയുകയാണ്) ബഹുമാനപ്പെട്ട ബേബിജോൺ മന്ത്രി സ്ഥാനം രാജിവച്ചിട്ട് ഒരു ചെമ്മീൻ കോർപ്പറേഷൻ ഉണ്ടാക്കി അതിന്റെ ചെയർമാനായിരുന്നാൽ തീർച്ചയായും വമ്പിച്ച നേട്ടം ഈ സംസ്ഥാനത്തിനുണ്ടാക്കാൻ കഴിയും. ടാലന്റ് നോക്കുകയാണെങ്കിൽ അതൊക്കെയൊണ് ചെയ്യേണ്ടത്. അദ്ദേഹത്തിനറിയാം എങ്ങനെ പണമുണ്ടാക്കണം എന്ന്. അതുപോലുള്ള ടാലന്റ് വേണം നടപ്പാക്കേണ്ടത്; അതിനുപകരം ഈ പാവപ്പെട്ട എം. എൽ. എ. മാരെയൊക്കെ പിടിച്ച് അയോഗ്യതനീക്കി പ്രലോഭനങ്ങളുമൊക്കെ നൽകി കോർപ്പറേഷൻ ചെയർമാൻമാരാക്കി നിറുത്തിയാൽ അവിടെ എന്തു ഭരണമാണ് നടക്കുക? ഈ സഭയിലെ ഒരംഗത്തോടും എനിക്കെതിർപ്പില്ല. സർ, ആർട്ടിക്കിൾ 213 അനുസരിച്ചാണ് ഗവർണ്ണർ ഈ ഓർഡിനൻസ് ഇറക്കിയിട്ടുള്ളത്. ഇങ്ങനെയാണെങ്കിൽ ഈ ആർട്ടിക്കിളിൽ പറയുന്ന കാര്യങ്ങൾ ഒരു പുനരാലോചനയ്ക്കു വിധേയമാക്കേണ്ട സമയമായിരിക്കുന്നു. സർ, ആർട്ടിക്കിൾ 213-ൽ പറയുന്നത് If at any time, except when the Legislative Assembly of a State is in session, or where there is a legislative council in a State, except when both Houses of the Legislature are in session the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances as the circumstances appear to him to require. അതിനെ ന്യായീകരിച്ചുകൊണ്ട് ഇതിൽ ഒരു വാക്കും എഴുതിച്ചേർത്തിട്ടുണ്ട്: He may promulgate immediately. എന്താണ് ഇമ്മീഡിയറ്റ്‌ലി എന്നു പറഞ്ഞാൽ? അന്നു കാലത്തു പറയണം പ്രയിനിൽ. പിറ്റേ ദിവസം കാലത്ത് എലക്ഷൻ കമ്മീഷന്റെ മേശപ്പുറത്തു വയ്ക്കണം. അല്ലാതെ ഈ നിയമസഭാംഗങ്ങളുടെ അയോഗ്യത നീക്കുന്നതിന് വേറെ എന്ത് ഇമ്മീഡിയറ്റ് ആവശ്യമാണ് ഉള്ളത്? ഭരണഘടനയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരം ദുരുപയോഗപ്പെടുത്തലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത്. അതുകൊണ്ട് ആർട്ടിക്കിൾ 213-ൽ ഒരു ഭേദഗതി വരുത്തേണ്ട കാലം വൈകിയിരിക്കുന്നു. നിങ്ങൾ കൊടുത്തയക്കുന്ന എന്തും ഒപ്പിട്ട് കൊടുത്തയക്കണമെന്നുള്ള ഇന്നത്തെ വ്യവസ്ഥ മാറി 213-ൽ ഭേദഗതി വരുത്തണം.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): ബഹുമാനപ്പെട്ട മെമ്പർ ഈ പറയുന്ന അഭിപ്രായം മെമ്പറുടെ പാർട്ടിയുടെ അഭിപ്രായമാണെന്നു വിശ്വസിക്കട്ടേ? ഭരണഘടനയിൽ ഉള്ള ഈ അധികാരം ഭേദഗതി ചെയ്യണമെന്നുള്ളത് ഇന്ദിരാ കോൺഗ്രസ്സിന്റെ ഔദ്യോഗികാഭിപ്രായമായി ഞാൻ കണക്കാക്കട്ടേ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇത് എന്റെ അഭിപ്രായമാണ്. ഞങ്ങളുടെ പാർട്ടിയുടെ ഔദ്യോഗികമായ അഭിപ്രായം അറിയണമെങ്കിൽ ഇതു ഞാൻ പാർട്ടിയിൽ സമർപ്പിച്ച് ഒരു തീരുമാനമുണ്ടാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കാം.

ശ്രീ. പി. കെ. വാസുദേവൻ നായർ: പാർലമെന്ററി ജനാധിപത്യത്തിൽ, പാർട്ടികളിലെ അംഗങ്ങൾ സംസാരിക്കുമ്പോൾ ഇതു സ്വന്തം അഭിപ്രായമാണ്., പാർട്ടിയുടെ അഭിപ്രായം മറെറാന്നാണ് എന്നു സാധാരണ പറഞ്ഞു കേൾക്കാറില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗുരുവായൂരപ്പനെപ്പററി പറഞ്ഞ അഭിപ്രായം അവിടെയിരിക്കുന്ന എല്ലാവർക്കും കൂടിയുള്ളതാണോ?

ശ്രീ എൻ. ഐ. ദേവസ്സിക്കുട്ടി: വ്യക്തിപരമായ അഭിപ്രായവും പറയും, പാർട്ടിയുടെ അഭിപ്രായവും പറയും. എന്നോടു ചോദിച്ചപ്പോൾ വ്യക്തിപരമായ അഭിപ്രായമാണെന്നു പറഞ്ഞു. നമുക്കിപ്പോൾ ഒരു പുതിയ അറിവുകൂടി കിട്ടിയിരിക്കുകയാണ്. അതായത് എ. കെ. ആൻറണി നിയന്ത്രിക്കുന്ന കോൺഗ്രസ്സിലെ ഒരംഗം മനഃസാക്ഷിയനുസരിച്ച് പ്രവർത്തിക്കുന്നതിനെ തടയുന്നതിനു വേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ഓർഡിനൻസ് ആദർശധീരനാണെന്നും സത്യത്തെ മുറുകെ പിടിക്കുന്നവനാണെന്നുമൊക്കെയുള്ള എ. കെ. ആൻറണിയുടെ അഭിനയത്തെ ബേബിജോണിന്റെ സഹായത്തോടുകൂടി എന്നന്നേക്കുമായി പൊളിച്ചു കളഞ്ഞിരിക്കുന്നു. ഇന്നലെ ശ്രീമാൻ എം. വി. രാഘവൻ എ. കെ. ആൻറണിക്ക് ഒരു പൂച്ചെണ്ടു നൽകി. അത് പൂമാലയാണോ കല്ലേറാണോ എന്നുള്ളത് എ. കെ. ആൻറണിയും പാർട്ടിയിൽപെട്ടവരും നല്ലവണ്ണം ചിന്തിക്കണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ശങ്കർ: സർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്തുകൊണ്ടാണ് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയുടെ ആദ്യന്തമുള്ള പ്രസംഗം. ബിൽ തെറാണെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല; ഇതിന്റെ പിന്നിൽ എന്തോ ഉണ്ട്. ആ കളി കളിക്കാനാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്, എന്നാണദ്ദേഹത്തിന്റെ വാദം. അദ്ദേഹം കേരളത്തിൽ ഇങ്ങനെയൊരു നിയമം ഉണ്ടായിട്ടില്ലെന്നേ എടുത്തെടുത്തു പറയുന്നുള്ളു. പക്ഷേ കേരളത്തിനു പുറത്തു മറു സംസ്ഥാനങ്ങളിലെ സ്ഥിതി

12 Noon

LIBRARY ARCHIVES Kerala Legislative Assembly

എന്താണ്? മിക്കവാറും സംസ്ഥാനങ്ങളിൽ എന്റെ അറിവ് ശരിയാണെങ്കിൽ, എം. എൽ. എ. മാർക്കു കോർപ്പറേഷൻ ചെയർമാൻമാരാകാം. അതും തടസ്സമില്ല. പക്ഷേ കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. മറ്റു സംസ്ഥാനങ്ങളിൽ എം. എൽ. എ. മാർക്ക് ഈ അവകാശം ആകാമെങ്കിൽ എന്തുകൊണ്ട് കേരളത്തിൽ ആയിക്കൂടാ? അത് പറയുന്നില്ല. സൂചിപ്പിക്കുന്നുമില്ല. കോർപ്പറേഷൻ ഉണ്ടാക്കുന്നു, കോർപ്പറേഷനിൽ ചെയർമാൻമാരാക്കാൻ ശ്രമിക്കുന്നു എന്നൊക്കെയാണ് ആരോപണം. കോർപ്പറേഷനുണ്ടാക്കേണ്ടതിന്റെ ആവശ്യകത ശ്രീമാൻ ദേവസ്സിക്കുട്ടിയെ ഞാൻ പറഞ്ഞുമനസ്സിലാക്കണമെന്നു തോന്നുന്നില്ല. കാരണം ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് കിട്ടണമെങ്കിൽ കോർപ്പറേഷൻ ഉണ്ടെങ്കിലെ സാധിക്കുകയുള്ളു എന്നു നമുക്കൊക്കെ അറിയാം. അതുകൊണ്ട് കോർപ്പറേഷൻ ഉണ്ടാക്കുന്നതു തെറ്റല്ല; എം. എൽ. എ. മാർ അതിന്റെ ചെയർമാൻമാരായാൽ മഹാ അബദ്ധമായിപ്പോകുമെന്ന് ആണ് പറയുന്നത്. എം. എൽ. എ. മാരല്ലാത്തവരായാൽ കുഴപ്പമില്ല. അപ്പോഴും അഴിമതിയൊക്കെ ഉണ്ടാകുന്നത് എം. എൽ. എ. മാർ ചെയർമാൻമാരായാലാണ്. ഡിസ്കാളിഫിക്കേഷൻ സംബന്ധിച്ച് 19 (1) (എ) അനുസരിച്ചുള്ള ഭേദഗതി ബാക്കി എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടാക്കിയിട്ടുണ്ട്, കേരളത്തിലും ഉണ്ടാക്കിയിട്ടുണ്ട്, എന്നു ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി അടക്കം സമ്മതിക്കുന്നു. നെട്ടൂർ കമ്മീഷനിലെ ഒരു മെമ്പറെ ഒഴിവാക്കാൻ 1968-ൽ ഈ അസംബ്ലിയിൽത്തന്നെ അംഗീകരിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവ്. അപ്പോഴും ഡിസ്കാളിഫിക്കേഷൻ നീക്കം ചെയ്യുന്ന ഭേദഗതി മുമ്പും ഈ അസംബ്ലി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ എം. എൽ. എ. മാരെ സംബന്ധിച്ച് ഇപ്പോഴാണ് അത്തരം ഒരു ഭേദഗതി കൊണ്ടുവരപ്പെട്ടിട്ടുള്ളത്. ഇത് മറ്റെല്ലാ സ്റ്റേറ്റിലും കിട്ടിവരുന്ന അവകാശമാണ്. എം. എൽ. എ. മാർ അഴിമതിക്കാരാണ് അവർ ചെയർമാൻമാരായാൽ അഴിമതിയെ ചെയ്യുകയുള്ളു എന്ന ദുസ്സൂചനവച്ചുകൊണ്ട് ഇതിനെ എതിർക്കുന്നതു ശരിയല്ല. അതുകൊണ്ട് ഈ നിയമം അംഗീകരിക്കേണ്ടതാണ്. ഉടനെ പാസ്സാക്കേണ്ടതാണ് എന്ന അഭിപ്രായത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ് എന്തോ വലിയ അപരാധം ചെയ്തുവെന്നുള്ള പ്രതീതി ജനിപ്പിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഇവിടെ സംസാരിച്ചത്. എനിക്കു തോന്നുന്നത് രണ്ടു മാസക്കാലങ്ങൾക്കുള്ളിൽ ഡിസംബർ മാസത്തിനുശേഷം മാർച്ചുമാസംവരെയുള്ള സമയത്തിനുള്ളിൽ, ഒതുങ്ങി നിന്നതുകൊണ്ടാകാം ഇങ്ങനെയുള്ള തോന്നൽ അദ്ദേഹത്തിന്റെ മനോമുകുരത്തിൽ ഉടലെടുത്തത് എന്നാണ്. കാരണം കഴിഞ്ഞ കാലങ്ങളിലൊക്കെ ഉണ്ടായിട്ടുള്ള നമ്മുടെ നിയമസഭയുടേയും ഇൻഡ്യയിലെ മറ്റു നിയമസഭകളുടേയും ഇൻഡ്യൻ പാർലമെന്റിന്റെയുമൊക്കെ ചരിത്രത്തിലേക്ക് ഒന്നു കടന്നു പോകുവാൻ സാധിക്കുമെങ്കിൽ ഒരിക്കലും അദ്ദേഹം ഇതു പറയുമായിരുന്നില്ല. ഈ നിയമം കൊണ്ടുവന്നതിന്റെ 'ദുരുദ്ദേശ'ത്തെ പറ്റി അദ്ദേഹം പറഞ്ഞു. അദ്ദേഹം ആദ്യമായി പറഞ്ഞ ഒരു കാര്യത്തെ ഖണ്ഡിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അദ്ദേഹം ഇവിടെ ചിലതു വായിച്ചുകൊണ്ടു ചോദിച്ചു കമെൻസ്മെൻറിന്റെ തീയതി പറയാതെ അവതരിപ്പിച്ച ഒരൊറ്റ നിയമത്തെക്കുറിച്ചു പറയാമോ എന്ന്. സർ, ഞാൻ അര ഡസൻ നിയമത്തെക്കുറിച്ചു പറയാം; ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഈ സഭ

LIBRARY ARCHIVES Kerala Legislative Assembly

യിൽ അംഗമായി വന്നശേഷം ഈ നിയമസഭ പാസാക്കിയ ഒരു ഡിസൻ നിയമത്തെക്കുറിച്ച്. സർ, അറിഞ്ഞുകൊണ്ട് ഒരു കാര്യം അറിഞ്ഞി ല്ലെന്നു ഭാവിക്കുന്നതു ശരിയല്ല. ഇതു മറ്റുള്ള ആളുകളെന്നും അറിയു കയില്ലെന്നു കരുതുന്നതും ശരിയല്ല. അദ്ദേഹം ചോദിച്ചേക്കാം ഏതു നിയമമാണെന്ന്. ആർഡിനൻസ് റീപ്ലേസ് ചെയ്തു കൊണ്ടുവന്ന നിയമത്തിൽ ഇതുണ്ട്; അതുപോലെതന്നെ ആക്റ്റ് അമെൻഡ് ചെയ്തു കൊണ്ട് ആർഡിനൻസല്ലാതെ ഈ നിയമസഭയിൽ കൊണ്ടുവന്ന ബില്ലിലും ഇതുണ്ട്. അദ്ദേഹത്തിന്റെ അറിവിലേക്കു പറയുകയാണ്. അദ്ദേഹം വെല്ലുവിളിച്ചുകൊണ്ടു ചോദിച്ചു. ഈ ഭാഗത്തിരിക്കുന്നവർ കളിപ്പി ക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. സർ, കേരള മുനിസിപ്പൽ കോർപ്പറേഷൻസ് സെക്കൻറ് അമെൻറ്മെൻറ് ആക്റ്റ് 1976; അത് ആർഡിനൻസ് റീപ്ലേസ് ചെയ്തതാണ്, അത് ഇവിടെ നിയമസഭ യിൽ കൊണ്ടുവന്നു പാസാക്കിയതാണ്. ബഹുമാനപ്പെട്ട എൻ. ഐ. ദേവസ്സിക്കുട്ടി ഈ നിയമസഭയിൽ അംഗമായിരിക്കുമ്പോഴാ പാസാ ക്കിയ ഒരു നിയമമാണ്. മറ്റൊന്നിന്റെ പേരു ഞാൻ പറയാം: ദി കേരള ജനറൽ സെയിൽസ് ടാക്സ് അമെൻറ്മെൻറ് ആക്റ്റ് 1976. ഇതും ആർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ട് ഈ നിയമസഭയിൽ കൊണ്ടു വന്ന നിയമമാണ്. അതിനകത്തും ഡോറ് ഓഫ് കമെൻസ്മെൻറ് പറ റഞ്ഞിട്ടില്ല. അതുപോലെതന്നെ ആർഡിനൻസ് റീപ്ലേസ് ചെയ്യാനല്ലാതെ അമെൻറ്മെൻറ് ബിൽ ആയിട്ട് ഇവിടെ കൊണ്ടുവന്നു പാസാക്കിയ നിയമങ്ങളുണ്ട്; ഞങ്ങളൊക്കെ വന്നശേഷം പാസാക്കിയത്; മോട്ടോർ വെഹിക്കിൾസ് കേരളാ അമെൻറ്മെൻറ് ആക്റ്റ് 1976 (ആക്റ്റ് 7 ഓഫ് 1977). 1977-ലെ മറ്റൊന്ന്: ദി കേരളാ ലാൻറ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് സ്പെഷ്യൽ പൗവ്വേഴ്സ് അമെൻറ്മെൻറ് ആക്റ്റ് 1977. പിന്നീട് ഒന്നുള്ളത്! ദി പേമെൻറ് ഓഫ് സാലറീസ് ആൻറ് അലവൻസസ് അമെൻറ്മെൻറ് ആക്റ്റ് 1977. ഇനി ബാക്കി കൂടി വേണമെങ്കിൽ പറയാം. ഇവിടെ ഒരു പുകപടലം സൃഷ്ടിച്ചു കൊണ്ട്: ഇവിടെ ഈ ഗവൺമെൻറ് എന്തോ വലിയ അപരാധം ചെയ്തു; കളിപ്പിക്കാനാണ്, എന്നൊക്കെ പറഞ്ഞാൽ എത്ര നിരർത്ഥകമാണു സർ! ഇത്രയും ഉത്തരവാദപ്പെട്ട ഒരു സഭയിൽ ബഹുമാനപ്പെട്ട എൻ. ഐ. ദേവ സ്സിക്കുട്ടിയെപോലെ ഒരു മെമ്പർ—നിയമത്തെക്കുറിച്ച് എല്ലാം അറി ഞ്ഞുകൊണ്ടു പറയുന്നതാണെന്നു അദ്ദേഹം തന്നെ പറയുന്നു—അങ്ങനെ യുള്ള ഒരാൾ ഇങ്ങനെ പറയുന്നതു ശരിയല്ല. ഒരിക്കലും തെറ്റായ ഒരു ഇൻഫർമേഷൻ നിയമസഭയിൽ കൊടുക്കുന്നതു ശരിയല്ല. അദ്ദേ ഹത്തിന്റെ നിയമപരിജ്ഞാനംവച്ചു നോക്കുമ്പോൾ അതു തീരെ ശരി യല്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഞാൻ ദീർഘമായി ആ കാര്യത്തിലേക്കു കടക്കാൻ ആഗ്രഹിക്കുന്നില്ല.

അദ്ദേഹം ഇവിടെ ചില കാര്യങ്ങളും പറഞ്ഞു. ഈ ബിൽ കൊണ്ടു വന്നത് ആരെയോ ഒക്കെ പിടിക്കാനാണെന്നു പറഞ്ഞു. എം. എൽ. എ. മാരെ പിടിക്കുന്നത് കോർപ്പറേഷൻ കൊടുത്തിട്ടാണോ—എനിക്കറിഞ്ഞു കൂടാ, എങ്ങനെയാണെന്ന്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട എൻ. ഐ. ദേവസ്സിക്കുട്ടിയുൾപ്പെടെ, ഞാനുൾപ്പെടെ ഉള്ള എല്ലാ എം.എൽ.എ. മാരെക്കുറിച്ചുമാണ് പറയുന്നത്. അങ്ങനെയുള്ള ഉദ്ദേശ മൊന്നും ഇതിൽ ഇല്ല. ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 191 (എ) അനുസരിച്ചു സംസ്ഥാന നിയമസഭയ്ക്കു ചില അധികാരങ്ങളുണ്ട്. എന്തെല്ലാമാണ് ഡിസ്ക്വാളിഫിക്കേഷനിൽനിന്ന് ഒഴിവാക്കാൻ പറ്റു

LIBRARY ARCHIVES Kerala Legislative Assembly

ന്നതെന്നുള്ള കാര്യങ്ങളെക്കുറിച്ചു പറഞ്ഞുകൊണ്ട് നിയമമുണ്ടാക്കാമെന്നു പറയുന്ന പ്രസക്തമായ ഭാഗമുണ്ട്. ഞാനതു വായിക്കാനാഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട എൻ. ഐ. ദേവസ്സിക്കുട്ടി ആ ഭാഗം ഉദ്ധരിക്കുകയുണ്ടായി. അതനുസരിച്ച് ഈ നിയമസഭയ്ക്കും അധികാരമുണ്ട്. ആദ്യമായിട്ട് നമ്മൾ 1951-ൽ ഒരു നിയമം ഇവിടെ പാസാക്കി. അതിന് പിന്നീടു ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. 1951-ലെ ആക്ടിനു ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഇൻഡ്യൻ പാർലമെന്റിൽ ഇതുപോലൊന്ന് അവതരിപ്പിച്ചു പാസാക്കിയിട്ടുണ്ട്. തെറ്റാണെന്നു പറഞ്ഞാൽ, ഈ തെറ്റ് തുടങ്ങിയത് എവിടെനിന്നാണ്? ഒന്നുകിൽ യഹോവയുടെ ശിൽപ്പശാലയിൽനിന്ന് തുടങ്ങിയതായിരിക്കും. അല്ലെങ്കിൽ ഏദൻ തോട്ടത്തിൽനിന്ന് തുടങ്ങിയതായിരിക്കും. ഈ ഐക്യകക്ഷി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തുടങ്ങിയതല്ല. തെറ്റാണെങ്കിൽ കാലാകാലങ്ങൾക്കുമുമ്പ് തുടങ്ങിയ തെറ്റാണ്. പല പ്രാവശ്യം ആവർത്തിച്ച് ആവർത്തിച്ച് എഴുതിയിരിക്കുന്ന ഒന്ന് ശ്രീമാൻ എൻ. ഐ. ദേവസ്സിക്കുട്ടി തെറ്റാണെന്നു പറഞ്ഞാൽ അംഗീകരിക്കാൻ സാദ്ധ്യമല്ല. എന്റെ അഭിപ്രായത്തിൽ തെറ്റല്ല. കാരണം ഇത്തരത്തിലുള്ള ഭേദഗതികൾ കൊണ്ടുവരാമെന്നു ഭരണഘടനയിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുന്നത് ഇങ്ങനെ കൊണ്ടുവരാനും പാസാക്കാനും വേണ്ടിയാണ്. അങ്ങനെ പാസാക്കിക്കൊണ്ട് ഡിസ്ക്വാളിഫിക്കേഷൻ ഒഴിവാക്കേണ്ടതു് ആവശ്യമായിട്ടുണ്ട്. ഇതിനകത്ത് എഴുതിവച്ചിരിക്കുന്നതു കളിപ്പിക്കാനാണ്, കബളിപ്പിക്കാനാണ് എന്നാണദ്ദേഹം പറഞ്ഞത്. നമ്മുടെ നിയമസഭയിലെ പഴക്കം ചെന്ന ഒരംഗം ഇങ്ങനെ ഇതിനെക്കുറിച്ച് പറയുന്നതു ശരിയല്ല. സർ, അതുപോലെതന്നെ അദ്ദേഹം പറഞ്ഞു ഇതിനകത്ത് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന അമെൻറുമെൻറിലും സബ് ക്ലാസ് 2-ൽ "No person shall be disqualified or deemed ever to have been disqualified for being chosen as and for being a member of the Legislative Assembly of the State of Kerala by reason only" അദ്ദേഹം ചോദിച്ചു "deemed ever to have been" ഉപയോഗിച്ചുകൊണ്ടുള്ള ഏതെങ്കിലും നിയമം കൊണ്ടുവന്നിട്ടുണ്ടോയെന്ന്. ഉണ്ട്. നമ്മുടെ ഇൻഡ്യയിലെ നിയമസഭകളിൽ ഇത്തരം നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഇതേ വാക്കുകൾ തന്നെ പറഞ്ഞുകൊണ്ടാണ് കൊണ്ടുവന്നിട്ടുള്ളത്. ബീഹാർ നിയമസഭ, കർണ്ണാടക നിയമസഭ, ഒറീസ്സാ നിയമസഭ, രാജസ്ഥാൻ നിയമസഭ, ഉത്തർപ്രദേശ് നിയമസഭ എന്നിവിടങ്ങളിൽ ഇത്തരം നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. ഇതേ വാക്കുകൾ ഉപയോഗിച്ചുകൊണ്ടുതന്നെ രാജസ്ഥാൻ നിയമസഭയിൽ പാസ്സാക്കിയിരിക്കുന്ന നിയമം ഉണ്ട്. അതിന്റെ രണ്ടാമത് ക്ലാസിൽ പറയുന്നത് "a person shall be deemed never to have been disqualified for being chosen or for being a member of the Bihar Legislative Assembly or the Bihar Legislative Council by reasons only".....എന്ന് പറഞ്ഞുകൊണ്ട് വന്നിട്ടുണ്ട്.

1. The Assam State Legislative Members (Removal of Disqualifications) Act, 1950 (Aassam Act 13 of 1950).

2. The Bihar Legislature (Removal of Disqualifications) Act, 1950 (Bihar Act 16 of 1950).

LIBRARY ARCHIVES Kerala Legislative Assembly

3. The Mysore Legislature (Prevention of Disqualifications) Act, 1956 (Mysore Act 4 of 1957).

4. The Rajasthan Legislative Assembly Members (Removal of Disquailfications) Act, 1956 (Rajasthan Act 7 of 1957) തുടങ്ങിയ എല്ലാ ആക്ററുകളിലും ഇതേക്കുറിച്ചു പറഞ്ഞിട്ടുണ്ട്. എല്ലാ നിയമ സഭകളിലും കൊണ്ടുവന്നിട്ടുണ്ടെങ്കിലും അതൊന്നും ഞാൻ വായിക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് കേരളാ നിയമസഭ ആദ്യമായി പാസ്സാക്കിയതാണെന്നു പറയുന്നതു ശരിയല്ല. ഇതെല്ലാം വളരെ നാളുകൾക്കു മുമ്പുതന്നെ പല നിയമസഭകളും പാസാക്കിയിട്ടുള്ളതാണ്. അതുപോലെ തന്നെ ഇൻഡ്യൻ പാർലമെൻറിൽ ഈ ബിൽ കൊണ്ടുവന്ന് പാസാക്കിയിട്ടുണ്ട്. ഇൻഡ്യൻ പാർലമെൻറിൽ അവസാനമായി ഈ ബിൽ കൊണ്ടുവന്ന് പാസാക്കിയ അവസരത്തിൽ ഒരു കമ്മിററിയെ നിശ്ചയിച്ചുകൊണ്ടാണ് ഇത് കൊണ്ടുവന്ന് പാസ്സാക്കിയിട്ടുള്ളത്. ആ കമ്മിററി വളരെ വിദഗ്ദ്ധമായി റിപ്പോർട്ട് ചെയ്ത കാര്യങ്ങൾ അംഗീകരിച്ചു കൊണ്ടുതന്നെ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ചെയർമാൻ സ്ഥാനം വഹിക്കാൻ പാടുണ്ടോയെന്നുള്ള വിഷയത്തെക്കുറിച്ച് ഇൻഡ്യൻ പാർലമെൻറ് പാസ്സാക്കിയ നിയമത്തിൽ പറയുന്നുണ്ട്. ക്ലാസ് 3-ൽ സബ് ക്ലാസ് 1 ആയി അത് പറയുന്നുണ്ട്. ഞാൻ വായിക്കാൻ ആഗ്രഹിക്കുന്നില്ല. പിന്നെ റമ്യൂണറേഷൻ പാടുണ്ടോയെന്നുള്ളതായിരിക്കും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഡിസ്ക്വാളിഫിക്കേഷൻ പ്രത്യേകമായി നീക്കം ചെയ്യാത്തതിനെല്ലാം ഡിസ്ക്വാളിഫിക്കേഷൻ ഉണ്ടെന്ന് അല്ലേ ആ നിയമത്തിൽ പറഞ്ഞിരിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: ഓഫീസ് ഓഫ് പ്രോഫിററ് ഉണ്ടെങ്കിൽ ഡിസ്ക്വാളിഫിക്കേഷൻ ആണ്. അത് റിമൂവ് ചെയ്യാനുള്ള വകുപ്പ് കൊണ്ടുവരാൻ കഴിയും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഓഫീസ് ഓഫ് പ്രോഫിററ് മാത്രമല്ല ഇതിൽ പറഞ്ഞിരിക്കുന്നത്. ഫൈനാൻഷ്യൽ പൂവ്വേഴ്സ് എക്സർസൈസ് ചെയ്യുന്ന ബോർഡുകളിൽ പോലും ഇരിക്കാൻ പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: എന്ന് പറഞ്ഞിട്ടില്ല. വായിച്ചു നോക്കിയാൽ മനസ്സിലാക്കാൻ കഴിയും. ഞാൻ വായിച്ചു മനസ്സിലാക്കിയിടത്തോളം അങ്ങനെയല്ല. ആ നിലയിൽ ചെയർമാൻ സ്ഥാനം വഹിക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടില്ല. റമ്യൂണറേഷന്റെ പ്രശ്നമുണ്ട്. ഒരാളെ ചെയർമാൻ സ്ഥാനത്തേക്ക് എടുക്കാമെങ്കിൽ റമ്യൂണറേഷൻ കൊടുക്കാൻ പാടില്ലെന്ന് പറയുന്നതിൽ അർത്ഥമില്ല. അങ്ങനെ കൊടുക്കുന്നു എങ്കിൽ റമ്യൂണറേഷനോടുകൂടി ചെയർമാൻ സ്ഥാനം വഹിക്കാൻ അവകാശം കൊടുക്കണം. അത് നിഷേധിക്കുന്നത് ശരിയല്ല. ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് റിട്രോസ്പെക്ററീവ് എഫക്ററിൽ പാസ്സാക്കുന്നത് ശരിയാണോയെന്ന് ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ശ്രീ ദേവസ്സിക്കുട്ടി ചില തീയതികളും പറഞ്ഞു. 29.12.'78-ൽ ഈ ഓർഡിനൻസ് ഇറക്കിയെന്ന് പറഞ്ഞു. 30.ാം തീയതി ശ്രീ. കാളാശ്ശേരിയുടെ കേസ്സിന്റെ ഹിയറിംഗ് ആയിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇതിനുമുമ്പ് ശ്രീ. ദേവസ്സിക്കുട്ടിയുടെ പാർട്ടി ഭരിച്ചിരുന്നതായ സ്ഥലങ്ങളിൽ അങ്ങനെ ചെയ്തിട്ടുണ്ടെന്ന് എനിക്കറിയാം. അത് വിസ്മരിച്ചിട്ട് കാര്യമില്ല. രാജസ്ഥാൻ നിയമസഭയിൽ ഇത്തരം ഒരു സംഭവം ഉണ്ടായിട്ടുണ്ട്. അവിടെ മിസിസ് കത്തൂഡിയാ എന്ന് പറയുന്ന ഒരാൾ കാൻഡിഡേറായി മൽസരിച്ച് ജയിച്ചു. അവരെ ഗവൺമെന്റ് സ്പെഷ്യൽ പ്ലീഡറായി നിയമിച്ചു. അവർ ഗവൺമെന്റിനുവേണ്ടി കേസ് നടത്തിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് അവർ സ്ഥാനാർത്ഥിയായി നിന്നതും മൽസരിച്ച് ജയിച്ചതും. ഇലക്ഷൻ 18.2.1967-ൽ ആയിരുന്നു. 22.2.1967-ൽ റിസൽട്ടും വന്നു. ഈ സ്ഥാനം ഓഫീസ് ഓഫ് പ്രോഫിറ്റാണെന്നുള്ള രീതിയിൽ രാജസ്ഥാൻ ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ഹൈക്കോടതി നിയമസഭാംഗത്വം റദ്ദ് ചെയ്തത് ഈ വാദം അംഗീകരിച്ചു.

ശ്രീ ഇ. നാരായണൻ നായർ: ഇത് ഏതു വർഷത്തിലാണെന്നു പറയാമോ?

ശ്രീ ടി. എം. ജേക്കബ്: 18.2.1967 ൽ ഇലക്ഷനായിരുന്നു. റിസൽട്ട് വന്നത് 22.2.1967-ൽ ആണ്. അന്ന് അവർ മൽസരിക്കുന്ന സമയത്ത് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായിരുന്നു. അത് ഓഫീസ് ഓഫ് പ്രോഫിറ്റാണെന്നുള്ള രീതിയിലാണ് ഹൈക്കോടതിയിൽ ചോദ്യം ചെയ്തത്. ഹൈക്കോടതി പരിശോധിച്ചപ്പോൾ ശരിയാണെന്നു പറഞ്ഞു. അപ്പോൾ തിരഞ്ഞെടുപ്പ് അസാധുവായി. തിരഞ്ഞെടുപ്പ് അസാധുവാക്കി കഴിഞ്ഞ ഉടനെ ഗവൺമെന്റ് ഒരു ഓർഡിനൻസ് ഇറക്കുകയുണ്ടായി. 1968 ഡിസംബർ 24.ാം തീയതി രാജസ്ഥാൻ ഗവർണ്ണർ റിട്രോസ്പെക്റ്റീവ് എഫക്റ്റിൽ ആ ഡിസ്ക്വാളിഫിക്കേഷൻ മാറ്റിക്കൊണ്ട് ഓർഡിനൻസ് ഇറക്കി. ഇതിനെ സുപ്രീം കോടതിയിൽ ചോദ്യം ചെയ്തു. സുപ്രീം കോടതി പ്രധാനമായും പരിഗണിച്ച ഒരു സംഗതി ഉണ്ട്. ഹൈക്കോടതിയുടെ വിധിക്കു ശേഷം സുപ്രീം കോടതിയിൽ കേസ് വരുമ്പോൾ പിന്നീടും നിയമസഭയിലുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് റിട്രോസ്പെക്റ്റീവ് എഫക്റ്റിൽ പാസ്സാക്കുന്നത് ശരിയാണോയെന്നുള്ളതാണ് ചോദ്യം ചെയ്തത്. ചീഫ് ജസ്റ്റീസ് ഹിദായത്തുള്ളയും ജസ്റ്റീസ് ജി. കെ. മിറ്റലും അടങ്ങിയ ഡിവിഷൻ ബഞ്ച് ഇത് ശരിയാണെന്നു വിധിച്ചു. അതിന്റെ ന്യായാന്യായതകളെക്കുറിച്ചെല്ലാം അതിന്റെ കമൻഡിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ നയപരമായി അങ്ങനെ ചെയ്യുന്നത് ശരിയാണെന്നുള്ള നിലയിൽ അവർ ജഡ്ജ്മെന്റ് ഇറക്കി. A. I. R. 1970. അതിന്റെ പ്രസക്ത ഭാഗം മാത്രം വായിക്കാൻ ആഗ്രഹിക്കുകയാണ്. 13.ാമത് പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത്: "This position being firmly grounded we have to look for limitations, if any, in the constitution. Article 191 (which has been quoted earlier) itself recognises the power of the Legislature of the State to declare by law that the holder of an office shall not be disqualified for being chosen as a member. The article says that a person shall be disqualified if he holds an office of profit under the Government of India, or the Government of any State unless that office is declared by the Legislature not to disqualify the holder. Power is thus reserved to the Legislature of the State to make the declaration. There is nothin,

LIBRARY ARCHIVES Kerala Legislative Assembly

in the words of the article to indicate that this declaration cannot be made with retrospective effect. It is true that it gives an advantage to those who stand when the disqualification was not so removed as against those who may have kept themselves back because the disability was not removed. That might raise questions of the propriety of such retrospective legislation but not of the capacity to make such laws. Regard being had to the Legislative practice in this country and in the absence of a clear prohibition either express or implied we are satisfied that the Act cannot be declared ineffective in its retrospective operation." എന്നാണ്. റിട്രോസ്പെക്റ്റീവ് എഫക്റ്റ് ശരിയാണെന്ന് കോടതി പറഞ്ഞതുകൊണ്ടാണ് ഞാനിതു വായിച്ചത്.

ശ്രീ. ഇ. നാരായണൻ നായർ: ഇൻഡ്യയിലെ ഏതെങ്കിലും നിയമസഭ എല്ലാ എം. എൽ. എ. മാർക്കും അയോഗ്യത നീക്കം ചെയ്തു കൊടുത്തുകൊണ്ടുള്ള നിയമം പാസാക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. എം. ജേക്കബ്: അതാണ് ഞാൻ ആദ്യം ആറ് സംസ്ഥാനങ്ങളുടെ പേര് പറഞ്ഞത്. നമ്മുടെ ഈ അതേ വാക്ക് തന്നെ വച്ചുകൊണ്ടാണ് അവരും പാസ്സാക്കിയിട്ടുള്ളത്.

ശ്രീ. ഇ. നാരായണൻ നായർ: ഇത് ഒരു വ്യക്തിയെ സംബന്ധിച്ചാണ്. എല്ലാ മെമ്പർമാരെ സംബന്ധിച്ചിടത്തോളവും ഉള്ള അയോഗ്യത നീക്കം ചെയ്തുകൊണ്ടുള്ള ബിൽ പാസ്സാക്കിയിട്ടുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ വായിച്ച് കേൾപ്പിക്കാം. ഇതിനകത്ത് പറഞ്ഞിരിക്കുന്നത് "no person shall be disqualified or deemed never to have been" എന്നാണ്. അതുപോലെതന്നെയാണ് മറ്റ് നിയമസഭകളും പറഞ്ഞിരിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ശ്രീ. ദേവസ്സിക്കുട്ടി പ്രസംഗിച്ചപ്പോഴും ഇത്. കാളാശ്ശേരിക്കു വേണ്ടി മാത്രമല്ല, ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും വേണ്ടിയാണെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർ കേട്ടില്ലേ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെ പാസ്സാക്കാൻ പാടില്ലെന്ന് പറയുന്നത് ശരിയല്ലെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. നിയമസഭ നിയമം പാസ്സാക്കുന്നു. അതിനകത്ത് എല്ലാ അംഗങ്ങളും ബാധകമാണെന്നു പറയുന്നതിൽ എന്താണ് തെറ്റ്. എന്റെ അഭിപ്രായത്തിൽ ശ്രീ കാളാശ്ശേരിയെ മാത്രം ഉദ്ദേശിച്ചുകൊണ്ടു വന്നിട്ടുള്ള നിയമമല്ല ഇത്. ശ്രീ. നാരായണൻ നായർക്ക് വേണമെങ്കിലും ഒരു കോർപ്പറേഷൻ ചെയർമാൻ സ്ഥാനം തന്നുകൊണ്ട് ഈ കുഴപ്പം ഒഴിവാക്കാൻ കഴിയും.

ശ്രീ. ഇ. നാരായണൻ നായർ: സമയം നല്ലതാണെന്നു വച്ചുകൊണ്ട് നിറയെ കക്കാമെന്നു വിചാരിക്കുന്നത് അപകടമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ രീതിയിൽ ആളുകളെ കൂടുതൽ ആകർഷിക്കാൻ കഴിയുന്ന നിയമങ്ങൾ ഉണ്ടാക്കി കൊടുത്തുകൊണ്ട് ഗവൺമെന്റിന് സ്റ്റെബിലിറ്റി ഉണ്ടാക്കി കൊടുക്കണമെന്നാണോ ജേക്കബിന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സ്റ്റെബിലിറ്റിയുടെ പ്രശ്നമൊന്നുമില്ല. ഈ ഗവൺമെന്റിന് എത്ര ഭൂരിപക്ഷമാണുള്ളതു്. ഇതു് ആളെ പിടിച്ചു് നിർത്താനല്ല. അതിനെപ്പറ്റി ശ്രീ. കാളാശ്ശേരി തന്നെ പറയട്ടെ.

ശ്രീ. എ. പി. താമരാക്ഷൻ: ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനും ദേവസ്സിക്കുട്ടിയും മന്ത്രി സ്ഥാനം കൊടുത്തിരുന്നുവെങ്കിൽ ഇപ്പോഴും ഇപ്പുറത്തു് ഉണ്ടാകുമായിരുന്നു. മറ്റുള്ളവരേയും ആ രീതിയിൽ വിലയിരുത്തുന്നതു് ശരിയാണോ?

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. താമരാക്ഷൻ താമരാക്ഷന്റെ അഭിപ്രായം പറഞ്ഞു. അങ്ങനെയാണെങ്കിൽ അങ്ങനെ തന്നെ. അതേപ്പറ്റി എനിക്കു് യാതൊരഭിപ്രായവും പറയാനില്ല. സർ, എന്തായാലും ഇത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കുന്നതു് ശരിയല്ല. ശ്രീമാൻ ദേവസ്സിക്കുട്ടി പ്രസക്തമായ ചില കാര്യങ്ങളും ഇവിടെ പറഞ്ഞു. 1951-ൽ നമ്മുടെ നിയമസഭ അയോഗ്യത നീക്കുന്ന നിയമം പാസ്സാക്കിയതിനു ശേഷം ഭേദഗതി കൊണ്ടുവന്നതിനെക്കുറിച്ചു് പറഞ്ഞു. പല ഭേദഗതികളും വന്നിട്ടുണ്ടു്. ആദ്യം ആ നിയമം പാസ്സാക്കുന്ന അവസരത്തിൽ ഉണ്ടായിരുന്നതിനേക്കാളും വ്യത്യാസമായി പലതും വന്നിട്ടുണ്ടു്. 1968-ൽ നടന്ന ഒരു കാര്യത്തെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞു. പ്രതിപക്ഷാംഗങ്ങളിൽ പലരും ഇതിനെ ശക്തിയായി എതിർത്തിട്ടുണ്ടു്. മാർക്സിസ്റ്റു് പാർട്ടിയും ഇതിനെ എതിർത്തിട്ടുണ്ടു്. 1968-ൽ ഒരു ഓർഡിനൻസു് കൊണ്ടുവന്നിട്ടാണു് പുതിയ സെക്ഷൻ എഴുതിച്ചേർത്തതു്. അന്നു് എഴുതിച്ചേർത്തതു് ഇപ്രകാരമാണു്. "that he is the Chairman or the Vice-Chairman or a member of the State Planning Board constituted by the Government of or a member of the backward classes reservation commission constituted by the Government." സർ, ഇതു് ആർക്കു വേണ്ടിയായിരുന്നു? പ്രതിപക്ഷത്തിരിക്കുന്നവർക്കു് ഓർമ്മയുണ്ടോ? ശ്രീ. എം.കെ. എ. ഹമീദ് എന്നു പേരുള്ള ഒരു നിയമസഭാ സാമാജികൻ നമുക്കു് ഉണ്ടായിരുന്നു. അദ്ദേഹത്തെ ക്യാബിനറ്റു് റാങ്കിൽ അന്നു പ്ലാനിംഗ് ബോർഡിൽ വൈസ് ചെയർമാനാക്കി. ഇദ്ദേഹത്തെ പ്ലാനിംഗ് ബോർഡിൽ വൈസ് ചെയർമാനാക്കുവാൻ വേണ്ടി 1968-ൽ നിയമം ഭേദഗതി ചെയ്തു. ആ കൂട്ടത്തിൽത്തന്നെ "member of backward classes reservation commission constituted by the Government" എന്നും പറഞ്ഞിട്ടുണ്ടു്. ഇതു് നെട്ടൂർ ദാമോദരൻ കമ്മീഷനെ ഉദ്ദേശിച്ചാണു് പറഞ്ഞതു്. അപ്പോഴും അതിനകത്തു് അംഗമായതു് ആരാണു്, ശ്രീ. പി. കെ. കുഞ്ഞച്ചൻ എം. എൽ. എ. സ്വന്തം കണ്ണിൽ കോലിരിക്കുമ്പോഴും മറ്റുള്ളവരുടെ കണ്ണിലുള്ള കരടു് എടുക്കുവാൻ പോകുന്നതു് അത്ര ശരിയല്ല. നമ്മുടെ നിയമസഭയുടെ ചരിത്രവും ഇൻഡ്യയിലെ മറ്റു സംസ്ഥാന നിയമസഭകളുടെ ചരിത്രവും ഇൻഡ്യൻ പാർലമെന്റിന്റെ ചരിത്രവും പരിശോധിച്ചാൽ ഇതെല്ലാം കാണാൻ സാധിക്കും. പൊതുതത്വം എന്ന നിലയിൽ ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു് എതെങ്കിലും ഒരുദ്ദേശ്യത്തോടുകൂടിയാണെന്നു പറയുവാൻ സാധ്യമല്ല. ആളെ പിടിക്കുവാൻ വേണ്ടിയാണെന്നു ശ്രീമാൻ ദേവസ്സിക്കുട്ടി പറഞ്ഞു. ഇപ്രകാരം എം. എൽ. എ. മാരെ പറ്റി പറയുന്നതു് തന്നെ മോശമാണു്.

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. മാർ അങ്ങനെയാകരുതെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. വ്യക്തമായും ഒരഭിപ്രായത്തിന്റെ പേരിൽ ഉറച്ചു നിൽക്കണം. അല്ലാതെ സ്ഥാനമാനങ്ങൾക്കുവേണ്ടി മാറുന്നത് ഒരിക്കലും ശരിയല്ല. ബഹുമാനപ്പെട്ട മെമ്പറെപ്പോലുള്ള മുതിർന്ന ആളുകൾ ഈ പ്രവണത മാറണം എന്നാണ് എനിക്കു പറയുവാനുള്ളത്. അങ്ങയുടെ രാഷ്ട്രീയ പാരമ്പര്യം എനിക്കില്ല. വളരെക്കാലംകൊണ്ട് ശ്രീമാൻ ദേവസ്സിക്കുട്ടിയെപോലുള്ള ആളുകൾ.....

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട മെമ്പർ ജേക്കബിന്റെ നേതാക്കൻമാർക്കുണ്ട് എന്റെ പാരമ്പര്യം.

ശ്രീ. ടി. എം. ജേക്കബ്: ഞങ്ങളുടെ നേതാക്കൻമാർക്ക് ആ പാരമ്പര്യം ഇല്ല എന്നു ഞാൻ പറയുന്നില്ല. എന്തായാലും ഞാൻ.....

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: 1964-ന് മുമ്പുള്ള ചരിത്രം ജേക്കബ് കുട്ടിയായിരുന്നതുകൊണ്ട് അറിഞ്ഞുകൂടായെന്നു പറയുന്നത്....

ശ്രീ. ടി. എം. ജേക്കബ്: ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞതിനുശേഷം ജനിച്ച ആളാണ് ഞാൻ. സ്വാതന്ത്ര്യ കാലത്തെ ചരിത്രം ഞാൻ പഠിച്ചിട്ടുണ്ട്. 1964-നു ശേഷവും അതിനു മുമ്പും ഉള്ള ചരിത്രം എനിക്കറിയാം. അതെല്ലാം ഞാൻ കേട്ട് മനസ്സിലാക്കിയിട്ടുണ്ട്. അപ്പോഴും ഇവിടെ ചരിത്രത്തെക്കുറിച്ചും മൂമിശാസ്ത്രത്തെക്കുറിച്ചും ഒന്നും പറയേണ്ട കാര്യമില്ല. എന്തെങ്കിലും ഒരു നല്ല കാര്യം കൊണ്ടുവരുമ്പോൾ അതിൻമേൽ നിഷ്പക്ഷമായ ഒരു സമീപനം സ്വീകരിക്കണം.

ശ്രീ. ഇ. പി. ഗോപാലൻ: എന്തൊക്കെ പറഞ്ഞാലും അദ്ദേഹത്തിന്റെ മനസ്സിലുള്ള വിഷമത മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹത്തിന്റെ മനസ്സിലുള്ള വിഷമം എന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അദ്ദേഹത്തിന് എന്തെങ്കിലും വിഷമതയുണ്ടെങ്കിൽ ബഹുമാനപ്പെട്ട ഇ. പി. പരിഹരിച്ചു കൊടുക്കണം.

സർ, ഈ ബില്ലിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഓബ്ജക്റ്റ്സ് ആൻറ് റീസൺസിൽ വളരെ കാര്യമായ രീതിയിലാണ് പറഞ്ഞിട്ടുള്ളത്. സർ, എം. എൽ. എ. ആയിപ്പോയ ഒരാൾക്ക് മറ്റൊരു സ്ഥാനവും വഹിക്കുവാൻ പാടില്ലെന്നാണോ പറയുന്നത്. അത് ശരിയല്ല. ഇവിടെ ഇരിക്കുന്ന ബഹുമാനപ്പെട്ട കരുണാകരൻ ശ്രീ. ദേവസ്സിക്കുട്ടിയുടെ പാർട്ടിയുടെ ഉത്തരവാദപ്പെട്ട സ്ഥാനത്തല്ലേ ഇരിക്കുന്നത്. അതുപോലെ തന്നെ ശ്രീ. വക്കം പുരുഷോത്തമനും എം. എൽ. എ. ആണ്. അദ്ദേഹം ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയാണ്. അതുപോലെ തന്നെ ഇപ്പുറത്തും ഉണ്ട്. എം. എൽ. എ. മാർ എന്നു പറഞ്ഞാൽ അത് ഉത്തരവാദപ്പെട്ട ഒരു സ്ഥാനമാണ്. അതുപോലെ തന്നെയാണ് പാർട്ടിയുടെ നേതാവിന്റെ സ്ഥാനവും. ഒരു കോർപ്പറേഷൻ ചെയർമാന്റെ സ്ഥാനത്തേക്കാൾ ഉത്തരവാദപ്പെട്ട സ്ഥാനമാണ് ഒരു പാർട്ടിയിലെ ഔദ്യോഗിക സ്ഥാനം. അങ്ങനെയല്ലായെന്നു ശ്രീമാൻ ദേവസ്സിക്കുട്ടിക്ക് പറയാൻ സാധിക്കുമോ? ആ സ്ഥാനം വഹിക്കുവാൻ എം. എൽ. എ. മാർക്ക് യോഗ്യതയുണ്ടെങ്കിൽ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. നാരായണൻ നായർ: കോർപ്പറേഷനേയും പാർട്ടിയേയും തമ്മിൽ താരതമ്യപ്പെടുത്തുകയാണോ?

ശ്രീ. ടി. എം. ജേക്കബ്: കോർപ്പറേഷന്റെ സ്ഥാനത്തേക്കാൾ വലുതാണ് ഒരു പാർട്ടിയുടെ സ്ഥാനം. അത്രയും വലിയ സ്ഥാനം വഹിക്കാമെങ്കിൽ അതിനേക്കാൾ ചെറിയ സ്ഥാനം വഹിച്ചുകൂടായെന്നു പറയുന്നതു ശരിയാണോ? കോർപ്പറേഷൻ ചെയർമാൻ സ്ഥാനത്തേക്കാൾ ഉന്നതമായ അധികാരവും അവകാശവും പാർട്ടി നേതാക്കൻമാർക്ക് കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള സ്ഥാനം വഹിക്കാമെങ്കിൽ ഇതും വഹിക്കുന്നതിൽ തെറ്റില്ല. എം. എൽ. എ. ആയിരിക്കുന്ന ഒരാൾ കോർപ്പറേഷൻ ചെയർമാൻസ്ഥാനത്ത് വരാൻ പാടില്ലായെന്നു പറയുന്നതു ശരിയല്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പ്രതിപക്ഷനേതാവ് എന്റെ രാഷ്ട്രീയ പാർട്ടിയുടെ എന്തെങ്കിലും ഭാരവാഹിയാകുന്നതിന് അയോഗ്യത കൽപ്പിച്ചുകൊണ്ട് നിയമം കൊണ്ടുവരണമെന്നാണോ?

ശ്രീ. ടി. എം. ജേക്കബ്: എന്ന് ഞാൻ പറഞ്ഞതിന് അർത്ഥമില്ല. ഞാൻ പറഞ്ഞതിന്റെ അർത്ഥം ഇത്രേയുള്ളു. പാർട്ടിക്കുള്ളിൽ ഒരു ഔദ്യോഗിക സ്ഥാനം വഹിക്കുക എന്നു പറഞ്ഞാൽ അതൊരു വലിയ സ്ഥാനമാണ്. ആ നിലയ്ക്ക് ഇത് സ്വാഭാവികമായും അംഗീകരിക്കണം. ശ്രീമാൻ ദേവസ്സിക്കുട്ടി എല്ലാ ബില്ലിനെപ്പറ്റിയും ആദ്യമേ സംസാരിച്ചുകൊണ്ട് ഇങ്ങനെ ഒരു പുകമറ സൃഷ്ടിക്കരുത്. ബഹുമാനപ്പെട്ട മെമ്പർ രണ്ടു പുകമറ സൃഷ്ടിച്ചു. അതിലൊന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പി. കെ. വാസുദേവൻ നായർ ഈ നിയമസഭയെ വഞ്ചിച്ചു, പറഞ്ഞു, ഡോറ് പറയാതെ കൊണ്ടുവന്നു എന്നുള്ളതാണ്. രണ്ടാമത്തേത്, കേരള നിയമസഭ മാത്രമേ ഇത്തരം ഒരു നിയമം കൊണ്ടുവന്നിട്ടുള്ളു എന്നും അപ്രകാരം ഒരു നിയമം കൊണ്ടുവന്നു മുൻകാലപ്രാബല്യം കൊടുത്ത് ആളുകളെ പറഞ്ഞുവെന്ന്. സർ, ഇതു രണ്ടും ശരിയല്ല. ഒരു നിയമത്തിനുള്ളിലേക്ക് കടന്നു സംസാരിക്കുമ്പോൾ നിയമത്തിലുള്ള പോരായ്മകളെക്കുറിച്ച് തീർച്ചയായും ചൂണ്ടിക്കാണിക്കുവാൻ അവകാശമുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അങ്ങ് വളരെ ചെറുപ്പം ആയതുകൊണ്ട് പറയുകയാണ്, വയസ്സനായ ഇ. പി. യുടെ കൈവശം ഈ നിയമസഭയിലുള്ള എല്ലാവരുടേയും മനസ്സിലുള്ള വിഷമം തീർക്കാനുള്ള മരുന്നുണ്ടെങ്കിൽ അതൊന്ന് വാങ്ങിച്ച് വിതരണം ചെയ്യുമോ?

ശ്രീ. ടി. എം. ജേക്കബ്: ഇ. പി. യുടെ കൈയിൽ അതിനുള്ള മരുന്നുണ്ടോയെന്ന് എനിക്കറിയില്ല. എന്തായാലും അങ്ങനെയൊരു മരുന്ന് ഉണ്ടെങ്കിൽ ആദ്യമായി ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിക്ക് തന്നെ വാങ്ങി തരാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: എനിക്ക് മാത്രം തന്നാൽ പോരാ. എനിക്ക് തന്നതിനുശേഷം പി. ജെ. ജോസഫിനും അതുപോലുള്ള മറ്റാളുകൾക്കും കൊടുക്കണം.

ശ്രീ. എം. വി. രാഘവൻ: ഇങ്ങനെ വിഷമമുള്ളവർക്ക് കൊടുക്കുവാൻ വേണ്ടിയാണോ കോർപ്പറേഷനുകൾ വീതിച്ചത്. അതിപ്പോൾ ആർക്കെല്ലാം കിട്ടി, എങ്ങനെയാണ് വീതിച്ചത് എന്നു വ്യക്തമാക്കിയാൽകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: അതിന് ഒരൊറ്റ കാര്യം ചെയ്താൽ മതി. 1967 മുതൽ 1969 വരെ ഉണ്ടായിരുന്ന ചരിത്രം എടുത്തു പരിശോധിച്ചു നോക്കിയാൽ മതി. ശ്രീ. എം. കെ. എ. ഹമീദിനെ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനാക്കുന്നതിനുവേണ്ടി നിങ്ങൾ തന്നെ നിയമം കൊണ്ടുവന്നു പാസ്സാക്കിയതാണ്.

ശ്രീ. എം. വി. രാഘവൻ: അത് ശമ്പളം പറ്റാതെ ഉള്ളതാണ്. ഇപ്പോൾ പ്രശ്നം വേറെയാണ്.

ശ്രീ. ടി. എം. ജേക്കബ്: ക്യാബിനറ്റ് റാങ്കോടുകൂടി കൊടുത്തത് ഇതിനേക്കാൾ വലിയ സ്ഥാനമാണ്. അതുപോലെ തന്നെ പി. കെ. കുഞ്ഞച്ചനെ നെട്ടൂർ ദാമോദരൻ കമ്മീഷനിൽ അംഗമാക്കി. ഇതൊക്കെ അറിഞ്ഞുവച്ചുകൊണ്ടാണ് സ്വന്തം കണ്ണിലെ കോലെടുത്തു മാറ്റാതെ മറ്റുള്ളവരുടെ കണ്ണിലെ കരടെടുക്കുവാൻ പോകുന്നത്. വളരെ നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം ഇവിടെ കൊണ്ടു വന്നിരിക്കുന്നത്. കാളാശ്ശേരി എന്നു പറയുന്ന ഒരു വ്യക്തിക്കു വേണ്ടികൊണ്ടുവന്ന ഒരു നിയമമല്ല ഇത്.

ശ്രീ എം. കെ. കൃഷ്ണൻ: ശ്രീ. എം. കെ. എ. ഹമീദിനേറയും ശ്രീ. പി. കെ. കുഞ്ഞച്ചനേറയും കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അവർ ഡിസ്കാളിഫൈഡ് ആണെന്നു ചോദ്യം ചെയ്തിരിക്കെ അവരെ രക്ഷിക്കുവാൻവേണ്ടി ഒരു നിയമം കൊണ്ടുവന്നതല്ല.

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് റൂളറെ ക്ലിയറാണ്. അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല.

നല്ല ഉദ്ദേശ്യത്തോടു കൂടി കൊണ്ടുവന്നിരിക്കുന്ന ഈ നിയമത്തെ സ്വാഗതം ചെയ്യുന്നു. ശ്രീ. എം. വി. രാഘവനും ശ്രീ. ദേവസ്സിക്കുട്ടിയുമെല്ലാം ഈ നിയമത്തെ പിന്താങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിന്റെ ചർച്ചക്ക് ഇന്നു നീക്കിവച്ച സമയം കഴിഞ്ഞിരിക്കുകയാണ്. അടുത്തതായി കേരള അപ്രോപ്രിയേഷൻ ബിൽ.

ധനകാര്യവകുപ്പ് മന്ത്രി (ശ്രീ എസ്. വരദരാജൻ നായർ): 1979-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുകയാണ്.

Mr. Deputy Speaker: The Bill Stands introduced.

ശ്രീ. എസ്. വരദരാജൻ നായർ: 1979-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. കെ. അബ്ദു: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെന്റിന് ഇത് അനുവദിച്ചുകൊടുത്താൽ അത് ഉപയോഗപ്പെടുത്തുന്നത് ജനാധിപത്യത്തിന് വിരുദ്ധമായ സ്വഭാവത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾക്കു വേണ്ടിയാണ്. അഴിമതി നിറഞ്ഞ ഒരു മുന്നണി ഗവൺമെന്റാണ് ഇന്ന് ഈ രാജ്യം ഭരിക്കുന്നത്. ഈ രാജ്യത്ത് അനവധി നിയമനിർമ്മാണങ്ങൾ നടത്തുകയും അതെല്ലാം പാവപ്പെട്ട ആളുകൾക്ക് വേണ്ടിയാണെന്ന് പ്രചരണം നടത്തുകയും ചെയ്യുന്നുണ്ട്. ഒരു നിയമത്തിന്റെയും ആനുകൂല്യം അത് അർഹിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly